
# ബൈബിൾ സ്റ്റാൻഡാർഡ്

**BIBLE STANDARD (Malayalam)**
**BI-MONTHLY**

ദൈവരാജ്യത്തിന്റെ സുവാർത്താപത്രിക



"നിന്റെ പ്രകാശവും സത്യവും അയച്ചുതരേണമെ;
അവ എന്നെ നടത്തുമാറാകട്ടെ..." (സങ്കീ. 43:3).

**BIBLE STANDARD - OUR ONLY STANDARD**

"ജാതികൾക്കായി ഒരു കൊടി ഉയർത്തുവിൻ"
യെശ. 62:10

**ENGLISH B.S. NO. 935**

ഉൾപേജുകളിൽ.... പേജ്

സാന്ത്വനം - ആശ്വാസം.................................... 2

മൂന്നു മഹാ ഉടമ്പടികൾ .................................13

ബൈബിൾ സംഭാഷണങ്ങൾ...........................21

ബൈബിൾ ചോദ്യം ...................................... 23


അറിയിപ്പുകൾ...............................................24

VOL - XVI, ISSUE 2 MARCH - APRIL 2023

# സാന്ത്വനം – ആശ്വാസം

## CONSOLATION - COMFORT

"പ്രബോധനപുത്രൻ എന്ന് അർത്ഥമുള്ള ബർന്നബാസ് എന്ന് അപ്പൊസ്തലന്മാർ മറുപേർ വിളിച്ച കുപ്രസ്ദ്വീപുകാരനായ യോസേഫ് എന്നൊരു ലേവ്യൻ തനിക്കുണ്ടായിരുന്ന നിലം വിറ്റു പണം കൊണ്ടുവന്ന് അപ്പൊസ്തലന്മാരുടെ കാൽക്കൽ വെച്ചു" (അപ്പൊ. 4:36,37). "എന്നാൽ അനന്യാസ് എന്നു പേരുള്ള ഒരു പുരുഷൻ തന്റെ ഭാര്യയായ സഫീരയോടുകൂടെ ഒരു നിലം വിറ്റു. ഭാര്യയുടെ അറിവോടെ വിലയിൽ കുറെ എടുത്തുവച്ചു ഒരംശം കൊണ്ടുവന്ന് അപ്പൊസ്തലന്മാരുടെ കാൽക്കൽ വെച്ചു" (അപ്പൊ. 5:1,2).




ഈ വേദഭാഗങ്ങൾ സഭയിലെ യഥാർത്ഥ സത്യസഹോദരന്മാരും കപട സഹോദരന്മാരും തമ്മിലുള്ള നിശിതമായ വ്യത്യാസം പഠിപ്പിച്ചു തരുന്നു. സത്യസഭയുടെ വിളങ്ങിനിൽക്കുന്ന ഒരു ഉദാഹരണമാണ് ബർന്നബാസ്. അനന്യാസും സഫീരയും അതേസമയം കപടമായതിന്റെ സ്പഷ്ടമായ ഉദാഹരണവും ആണ്. നമ്മുടെ കർത്താവിന്റെ ശുശ്രൂഷയുടെ കാലത്ത് വിശ്വാസികൾ ആയിത്തീർന്ന അഞ്ഞൂറ് സഹോദരങ്ങളും, പെന്തെക്കൊസ്ത് അനുഗ്രഹത്തിനും മുൻപേ ഒരുക്കപ്പെട്ടവരും അങ്ങനെ പെന്തെക്കൊസ്തു നാളിൽ മനംതിരിഞ്ഞ ആയിരങ്ങളോടുകൂടെ ധാരാളമായി ചേർക്കപ്പെട്ടു. മൊത്തമായി പറഞ്ഞാൽ അവർ തികച്ചും തിരഞ്ഞെടുക്കപ്പെട്ടവരുടെ ഒരു ഗണമായിരുന്നു. വെളിച്ചത്തിന്റെ മക്കൾ, "സാക്ഷാൽ യിസ്രായേല്യർ" മാത്രമാണ് വീണ്ടെടുപ്പുകാരന്റെ പരീക്ഷകൾക്കും നിന്ദകൾക്കും നടുവിൽ തന്നോടുകൂടെ വിശ്വസ്തതയോടെ ഉണ്ടായിരുന്നത്. "സാക്ഷാൽ യിസ്രായേല്യരുടെ" സമാനമായ മറ്റൊരു ഗണവും പെന്തെക്കൊസ്ത് ദിവസത്തിന്റെ പാഠങ്ങൾക്കും, വിശദീകരണങ്ങൾക്കും, ഉപദേശങ്ങൾക്കും അധീനരെന്നു തെളിയിച്ചു. ന്യായപ്രമാണത്തിന്റെ കൽപ്പനയോടുള്ള അനുസരണത്തിൽ മതപരമായ ഒരു പെരുന്നാൾ കൂടുന്നതിന് ആ സമയത്ത് യെരുശലേം സന്ദർശിച്ച, യഹൂദയ്ക്ക് ചുറ്റുമുള്ള എല്ലാ ദേശങ്ങളിൽ നിന്നും വന്നവരായ ഭക്തിയുള്ള പുരുഷന്മാരായിരുന്നു അവർ.

പെന്തെക്കൊസ്തിൽ സഭയ്ക്കു കൈവന്ന പ്രസിദ്ധിയുടെ പ്രളയത്താൽ "സാക്ഷാൽ യിസ്രായേല്യർ" അല്ലാത്തവരായ ചിലർ പോലും അതിന്റെ ആവേശത്തിലും, അത്ഭുതങ്ങളിലും കർത്താവിന്റെ പ്രീതിയിലും മയങ്ങി ഇവരുടെ കൂടെ കൂടിയേക്കും എന്നത് പ്രതീക്ഷിക്കാവുന്നതാണ്. എന്നാൽ സത്യസഭയുടെ കൂടെ തീക്ഷ്ണതയും, സ്നേഹവും, സമാന മനസ്സിന്റെ കൂട്ടായ്മയും ഉണ്ടായിരുന്നു. അവർ ദൈവത്തിന്റെ മക്കൾ ആയി സ്വയം തിരിച്ചറിയുകയും, കർത്താവായ യേശുക്രിസ്തുവിന്റെയും, പരസ്പരവും സഹോദരന്മാരെന്ന നിലയിൽ തിരിച്ചറിഞ്ഞു. ആ അനുഭവം വളരെ പുതിയ ഒന്നായിരുന്നു. പരിശുദ്ധാത്മാവ് ഭരിച്ചുകൊണ്ടിരുന്ന അവരുടെ ഹൃദയങ്ങളിൽ ഒരേ ദിശയിൽ അവരുടെ സഹാനുഭൂതി ഒഴുകി. അവരിൽ ദരിദ്രരും, മുടന്തരും, ഒന്നുമില്ലാത്തവരും, ദുഃഖിതരുമായവർ ഉണ്ടായിരുന്നു. മറ്റുള്ളവരോ അവരുടെ ആശ്വാസത്തിനായി അവരെ ശുശ്രൂഷിക്കുന്നതിൽ സന്തോഷം കണ്ടെത്തിയവരും ആയിരുന്നു. അവർ പൂർണ്ണമായ തോതിലും, ആഴമാർന്ന അർത്ഥത്തിലും സഹോദരങ്ങൾ ആയിരുന്നു. ഈ ബന്ധം എത്ര അനുഗ്രഹീതമായിരുന്നു എന്ന് അത് അനുഭവിച്ചവരല്ലാത്ത ആർക്കും യഥാർത്ഥമായി മനസിലാക്കുവാൻ കഴിയുമായിരുന്നില്ല.

നമ്മുടെ ഈ നാളിൽ ഈ പരസ്പര സ്നേഹം അനുഭവിച്ചവർ എത്ര ചുരുക്കം! ലോകമയത്വത്തിന്റെ ആത്മാവിന്റെ കലർപ്പ് ഭൂരിപക്ഷത്തിന്റെ ഹൃദയങ്ങളിലും ഗുരുവിന്റെ ആത്മാവിന്റെ നിറവിനെ നേർപ്പിച്ചിരിക്കുന്നതിനാൽ അങ്ങനെയുള്ളവർക്ക് യഥാർത്ഥ സഹോദരസ്നേഹം കുറച്ചു മാത്രമേ മനസ്സിലാകുകയുള്ളു. ജനറൽ കൺവൻഷനുകളിലും, ചെറിയ കൂട്ടായ്മയിലും ഉള്ള ബൈബിൾ സ്റ്റാൻഡാർഡ് മിനിസ്ട്രീസിന്റെ (LHMM) വായനക്കാരുടെ ഇടയിലല്ലാതെ പുരാതന സഭയിലുണ്ടായിരുന്ന സാഹോദര്യത്തിന്റെ ആത്മാവ് ചിലപ്പോൾ ലോകത്ത് വേറെവിടെയും കൂടുതലായി പ്രകടിപ്പിച്ചു കാണുന്നില്ല. ഒരുവൻ മറ്റൊരുവനോട് പ്രകടിപ്പിക്കുന്ന സ്നേഹം നിറഞ്ഞ താൽപര്യം കാണുന്നത് തികച്ചും ഭംഗിയുള്ളതും, ഹൃദയത്തിനു ഉത്സാഹജനകവുമാണ്. അത് നമ്മെ ക്രിസ്തുവിലുള്ള ആർജവത്തിലേക്കും, അവിടുത്തെ ആത്മാവിന്റെ കൂട്ടായ്മയിലേക്കും ഉള്ള നമ്മുടെ തിരിച്ചുവരവിനെ സാക്ഷീകരിക്കുന്നു. നമുക്ക് ഇതിന് സന്തോഷമുള്ളവരായിരിക്കാം. ദൈവസ്നേഹവും, സഹോദരസ്നേഹവും നമ്മുടെ ഹൃദയങ്ങളിൽ കൂടുതൽ കൂടുതൽ തളിക്കപ്പെടേണ്ടതിനു യഥാർത്ഥ ആത്മാവിനെ നമുക്ക് വളർത്തിയെടുക്കാം.

സ്വാർത്ഥത സ്നേഹത്തിനു കീഴിൽ കുഴിച്ചിടപ്പെട്ടിരിക്കുന്നു; താൽക്കാലികമായി അത് ഹൃദയത്തിൽ നിറഞ്ഞിരിക്കാം, എന്തുകൊണ്ടെന്നാൽ സ്വാർത്ഥത ലോകത്തിന്റെയും എതിരാളിയുടെയും ആത്മാവാണ്. സ്നേഹമോ, ദൈവത്തിന്റെ ആത്മാവ് ആണ്, പരിശുദ്ധമായ ആത്മാവാണ്. അവരുടെ തീക്ഷ്ണതയാലും സ്വന്തം ബലഹീനതകളുടെയും മറ്റുള്ളവരുടെ ബലഹീനതകളുടെയും താരതമ്യേനയുള്ള അജ്ഞതയാലും ആണ് കർത്താവിന്റെ ആദിമ അനുയായികൾ സമത്വപരമായ ക്രമീകരണങ്ങൾ ആരംഭിച്ചത് എന്ന് ഞങ്ങൾ കരുതുന്നില്ല. അവരുടെ ആസ്തികളും, സമ്പത്തുകളും ഒരുമിച്ചുവച്ച്, ഓരോരുത്തർക്കും ആവശ്യം ഉള്ള രീതിയിൽ അവർ അതിനെ പങ്കിട്ടു. ഏതു വിധമായാലും നാം ഈ അനുഭവത്തിൽ നിന്നും പാഠം ഉൾക്കൊള്ളേണ്ടതാണ്!

അതായത് ഹൃദയത്തിൽ ഏറ്റവും നല്ല ഉദ്ദേശ്യങ്ങൾ ഉൾക്കൊണ്ടിരിക്കുന്ന കർത്തൃജനം ഭൗതികമായി വിവിധതരത്തിൽ ക്രമപ്പെട്ടിരിക്കുന്നതിനാൽ, അതായത് അവർ വിവിധ ദിശകളിൽ വീഴ്ചഭവിച്ചവരാകുന്നതിനാൽ, സമത്വപരമായ പെരുമാറ്റരീതിയിൽ ഒരുമിച്ചു ജീവിക്കുവാൻ ശ്രമിക്കുന്നത് പ്രായോഗികമോ, പ്രാവർത്തികമോ ആയിരിക്കുക ഇല്ലായിരുന്നു. പരസ്പരം ഹൃദയ നിർമ്മലരായും, ഉദ്ദേശ്യശുദ്ധിയും അംഗീകരിക്കുമ്പോഴും അവരുടെ ജഡത്തിന് പൂർണ്ണതയില്ല എന്നും ജഡത്തിലുള്ളവരാരും അവരുടെ സഹോദരന്മാർ അല്ല എന്നും കർത്താവിന്റെ ജനം പഠിക്കുന്നു. അങ്ങനെ മറ്റുള്ളവരോടുള്ള നമ്മുടെ ഹൃദയത്തിലെ അതേ സ്നേഹത്തിൽ ഭൗമിക കാര്യങ്ങളുടെ ക്രമീകരണം സംബന്ധിച്ചുള്ള പൂർണ്ണ സ്വാതന്ത്ര്യവും, പൂർണ്ണ ഉത്തരവാദിത്തവും മറ്റുള്ളവർക്ക് നൽകുന്നതാണ് ഏറ്റവും നന്ന് എന്നും, ഓരോരുത്തർക്കും ഏറ്റവും സന്തോഷത്തോടെ ഇരിക്കാൻ പറ്റിയതും, മഹത്തായ പുരോഗതി കൈവരിക്കുവാൻ സാധിക്കുന്നതും, സഹസ്രാബ്ദ രാജ്യത്തിനും അതിന്റെ സേവനങ്ങൾക്കും ഉള്ള തയ്യാറെടുപ്പിന് ആവശ്യമായ പാഠങ്ങൾ പഠിക്കുവാനുള്ള സ്ഥിതി ഇതാണെന്ന് നാം പഠിച്ചു.

ആദ്യകാല സഭ ഈ പാഠം വളരെ പെട്ടെന്നു പഠിച്ചു. അതിന്റെ സമത്വവാദം ദീർഘനാൾ നീണ്ടുനിന്നില്ല. സുവിശേഷത്തിന്റെ ആത്മീയരും കഴിവുള്ളവരുമായ ശുശ്രൂഷകന്മാരെന്ന നിലയിൽ കർത്താവിനാൽ പ്രത്യേകമായി അയയ്ക്കപ്പെട്ടവരുമായ അപ്പൊസ്തലന്മാരിൽ സഭയ്ക്ക് ആത്മവിശ്വാസം ഉണ്ടായിട്ടു തന്നെയും അവർക്കെതിരെ പിറുപിറുപ്പുകൾ ഉണ്ടായിരുന്നു എന്നു മനസ്സിലായി. പൊതു ധന ശേഖരണത്തിൽ നിന്നും തങ്ങളുടെ താത്പര്യങ്ങൾ മറ്റുള്ളവരുടെ താത്പര്യങ്ങൾ പോലെ നന്നായി നിറവേറ്റപ്പെടുന്നില്ലെന്നു ചിലർ കരുതി. ഇത് നടത്തിപ്പിനുള്ള അധികാരം ശുശ്രൂഷകന്മാർക്കു നൽകുന്നതിലേക്ക് നയിച്ചു. എന്നാൽ ഒടുക്കം ഈ പദ്ധതിയും തകർന്നു പോയി. അന്നത്തെ പരാജയം മുതൽ ഈ കാലം വരെ പ്രയോജനകരമായ ഒരു പാഠം ഇത് കർത്തൃസഭയെ പഠിപ്പിച്ചു. സ്വർഗ്ഗത്തിലോ, പൂർണ്ണ മനുഷ്യരുള്ള ഭൂമിയിലോ സമത്വം നടപ്പിലാക്കുക സാധ്യമാണ്. എന്നാൽ അപൂർണ്ണരായവരുടെ വിവിധതരമായ താത്പര്യങ്ങളും, ആഗ്രഹങ്ങളും, അനുഭവങ്ങളും ഉള്ളവരുടെ ഇടയിൽ ഇത് അപ്രായോഗികമാണ് എന്നതായിരുന്നു ആ പാഠം. ഈ കാലത്ത് സാമൂഹികപരവും, സമത്വപരവുമായ ക്രമീകരണങ്ങളുടെ പ്രായോഗികതയെ പ്രേരിപ്പിക്കുന്നവരായ പ്രിയ സുഹൃത്തുക്കളോട് ഞങ്ങൾക്ക് പറയാനുള്ളത് ഇതാണ്. സത്യത്തിന്റെ സാക്ഷ്യം വഹിച്ചുകൊണ്ട് ഭൗമീക അന്ധകാരത്തിനു നടുവിൽ സ്വന്തം വെളിച്ചം നല്ല രീതിയിൽ പ്രകാശിപ്പിക്കുന്നതിനു വേണ്ടി ലോ

കമെമ്പാടും തന്റെ ജനത്തെ ചിതറിക്കുക എന്നത് കർത്താവിന്റെ ആഗ്രഹമായിരുന്നു.

ഈ പാഠത്തിൽ നമുക്ക് നൽകിയിരിക്കുന്ന വിശദീകരണം കർത്താവിനോടുള്ള പൂർണ്ണ സമർപ്പണത്തിന്റെ ആത്മാവിനെ ഭംഗിയായി ചിത്രീകരിക്കുന്നതാണ് – അത് എല്ലാ സഹോദരങ്ങളോടും ഉള്ള പൂർണ്ണ സ്നേഹത്തിന്റെയും, ഉദാരതയുടെയും, കർത്താവിന്റെ പ്രതിനിധികൾ എന്ന നിലയിൽ അപ്പൊസ്തലന്മാരിലുള്ള പൂർണ്ണ ഉറപ്പിന്റെ ആത്മാവാണ്. അവർ തങ്ങളുടെ സമ്പത്തുകൾ കൊണ്ടുവന്ന് അപ്പൊസ്തലന്മാരുടെ കാൽക്കൽ സമർപ്പിച്ചു. ഇങ്ങനെ ചെയ്തവരിൽ ഒരാളായിരുന്നു ജോൺ മാർക്കിന്റെ അമ്മാവൻ ആയിരുന്ന ജോസഫ്. ജോൺ മാർക്ക് ഒലിവുമലയിൽ പാർത്തിരുന്ന ഒരു ധനിക കുടുംബത്തിലെ അംഗമായാണ് സങ്കൽപിച്ചുപോരുന്നത്. നമ്മുടെ കർത്താവിന്റെ ഗത്സമേന ആ ഭവനത്തിന്റെ വകയായ തോട്ടം ആയിരുന്നു. അങ്ങനെ അവൻ നസ്രായന്റെ അചഞ്ചലനായ അനുയായി ആയിത്തീർന്നു. അവൻ തനിക്കുണ്ടായിരുന്ന ഒരു നിലം വിറ്റു അതിൽ നിന്ന് കിട്ടിയത് അപ്പൊസ്തലന്മാരുടെ കാൽക്കൽ സമർപ്പിച്ചു. അവൻ വളരെ സഹതാപമുള്ളവനും, നല്ല സ്വഭാവത്തിന് ഉടമയും ആയിരുന്നു എന്നുള്ളത് പുരാതന സഭ അവനു നൽകിയ ബർന്നബാസ് എന്ന പേരിൽ നിന്ന് വ്യക്തമാണ്. ആ പേരിന് അർത്ഥം പ്രബോധന (സ്വാന്തന) പുത്രൻ, പ്രബോധന സന്ദേശത്തിന്റെ പുത്രൻ എന്നാണ്. ദൈവത്തിനു നന്ദി, ഇതേ ആത്മാവ് ദൈവജനത്തിന്റെ ഇടയിൽ ഇനിയും കണ്ടെത്താൻ ആയിട്ടില്ല. അവരിൽ ചിലർ പ്രബോധനത്തിന്റെ പുത്രന്മാരും, ചിലർ പ്രബോധനത്തിന്റെ പുത്രിമാരും ആണ്, പ്രത്യേകമായും അവന്റെ മറ്റു പുത്രന്മാർക്കും, പുത്രിമാർക്കും അവർ സഹതാപമുള്ളവരും, സ്നേഹമുള്ളവരും, ദയയുള്ളവരും, സഹായികളും ആണ്.

ആശ്വാസം! സാന്ത്വനം! എത്ര വിശ്രമവും, വിശ്രാന്തിയും, സമാധാനവും, സന്തോഷവുമാണ് ഈ വാക്കുകൾ സൂചിപ്പിക്കുന്നത്! കവി പറയുന്നുണ്ട്: ഹാ, എന്ത് ആശ്വാസം ആണ് അത് നൽകുന്നത്, എന്റെ ആത്മാവ് മധുരമായ് പാടും. പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് "പ്രബോധന പുത്രൻ" അഥവാ സാന്ത്വന പുത്രൻ എന്ന് പേർ വിളിക്കുന്നത് ആ വ്യക്തിയുടെ സ്വഭാവത്തെ മാനിക്കുന്ന ഒരു കഥ പറയുന്നു. നമുക്ക് ബർന്നബാസിനെക്കുറിച്ച് അൽപ്പമെ അറിവുള്ളു. എന്നാൽ തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് നമുക്ക് ബർന്നബാസിനെക്കുറിച്ച് ലഭിച്ച അറിവിന്റെ ആകെത്തുകയാണെങ്കിൽ പോലും അവനെ സ്നേഹിക്കുന്നതിലും അഭിനന്ദിക്കുന്നതിലും നാം കുറവൊന്നും വരുത്തുന്നില്ല.

പദത്തിന്റെ ഒരർത്ഥത്തിൽ സഭയെ മാതാവ്, സീയോൻ എന്ന് വിളിക്കുന്നു, അങ്ങനെ ദൈവത്തിന്റെ എല്ലാ സത്യജനങ്ങളെയും അവളുടെ മക്കൾ ആയി അതായത് പുത്രന്മാരും പുത്രിമാരും ആയി ചിത്രീകരിച്ചിരിക്കുന്നു. ഇവരിൽ ചിലർ ആശ്വാസത്തിന്റെ പുത്രന്മാരും, ആശ്വാസത്തിന്റെ പുത്രിമാരും ആയിരിക്കും, എന്നാൽ മറ്റു ചിലർ നിരന്തരം മറ്റുള്ളവർക്കും തങ്ങൾക്കു തന്നെയും ദുരിതവും ക്ലേശവും വരുത്തുന്നവരായ വേദനയുടെ പുത്രന്മാരും പുത്രിമാരും ആയിരിക്കും. സീയോന്റെ മക്കളിൽ ഭൂരിഭാഗവും അവർ അടുത്ത് ഇടപഴകുന്നവർക്ക് ആശ്വാസത്തിന്റെ പുത്രന്മാരും, പുത്രിമാരും അങ്ങനെ മുഴുവൻ സഭയ്ക്കു പൊതുവെ ആശ്വാസം നൽകുന്നവരും ആയിരിക്കുവാൻ തക്കവണ്ണം പ്രവർത്തിക്കുവാൻ ഉതകുന്ന വിധത്തിൽ നാം ഈ വിഷയത്തെ അതിന്റെ യഥാർത്ഥ വെളിച്ചത്തിൽ കാണണം.

യഥാർത്ഥത്തിൽ സത്യസഭയ്ക്ക് ആശ്വാസം ആവശ്യമാണോ? ഇപ്പോൾ തന്നെ ഭൂരിഭാഗം പേരും ആശ്വാസജനകമായ അവസ്ഥയിൽ അല്ലേ? അവരെ ഉണർത്തേണ്ടതും അവരുടെ പാപങ്ങളെ ഓർമ്മിപ്പിക്കേണ്ടതും ശാസിക്കേണ്ടതും പൊതുവേ കഴിയുന്നത്ര അസ്വാസ്ഥ്യമുള്ളവരാക്കേണ്ടതും ആവശ്യമല്ലേ? എന്നൊക്കെ ചിലർ ചോദിക്കാം. അപ്പൊസ്തലൻ ഉപദേശിച്ചു തന്നതുപോലെ നീതിയിൻ ശാസനയ്ക്കും, തിരുത്തലുകൾക്കും ഉചിതമായ സമയങ്ങളുണ്ട് എന്ന വസ്തുത നാം മറക്കരുത്. എന്നാൽ ചില നല്ല ആളുകളുടെ വളരെ സാധാരണമായ ചിന്തകളായ തങ്ങളോടു തന്നെ ദയനീയത തോന്നുകയും മറ്റുള്ളവരെ മുഴുവൻ ദുരിതത്തിലാക്കുകയും ചെയ്യുന്ന തുടർച്ചയായ ശകാരം, തെറ്റ് കണ്ടുപിടിക്കൽ, അസഭ്യം, ഭീഷണി എന്നിവയോടു ഞങ്ങൾക്ക് മമത ഇല്ല.

നല്ല ഉദ്ദേശ്യത്തോടു കൂടിയതെങ്കിലും അത്തരം തെറ്റിദ്ധരിക്കപ്പെട്ട പ്രയത്നങ്ങൾ വളരെ ഉപദ്രവങ്ങൾ ചെയ്തിട്ടുണ്ട്. കാപട്യം ഇല്ലാതെ അവരാണ് പാപികളിൽ ഏറ്റവും അരിഷ്ടരെന്ന് വാദിക്കാനോ, ദൈവീക കൃപയും, ക്ഷമയും, നീതീകരണവും സകല കാര്യങ്ങളിലും തിരിച്ചറിയുമ്പോഴും, "കർത്താവേ പാപികളായ ഞങ്ങളോടു കരുണയുണ്ടാകേണമേ" എന്ന് പറയുമ്പോൾ ഈ പ്രാർത്ഥനയെ യോഗ്യമാം വിധം വിലമതിക്കുവാനോ ആവാതെ സീയോന്റെ ഭവന




ത്തിൽ നിന്നും പുറത്താക്കുവാനും ഇടയാക്കി.

തങ്ങളുടെ ഉടമ്പടിയെ ലംഘിച്ചുകൊണ്ട് ജഡത്തിന്റെ പിന്നാലെ പോകുന്നവർക്കാണ് ശകാരത്തിന്റെയും താക്കീതിന്റെയും ആവശ്യം. വരുവാനിരിക്കുന്ന ക്രോധത്തിൽ നിന്നും ഓടിപ്പോകുവാൻ മുന്നറിവു ലഭിച്ചവർ സുവിശേഷത്തിൽ നൽകിത്തന്ന പ്രത്യാശയിൽ അഭയത്തിനായി ഓടിച്ചെല്ലാത്തവരും – ദൈവമില്ലാത്തവരും ലോകത്തിൽ പ്രത്യാശയില്ലാത്തവരും – വിശ്വാസത്താലും അനുസരണത്താലും ക്രിസ്തുവിനോട് ബന്ധമില്ലാത്തവരും ആണ്.

എന്നാൽ യഥാർത്ഥമായി സമർപ്പിക്കപ്പെട്ടവർ, അപൂർണ്ണരെങ്കിലും ആത്മാവിൽ നടക്കുവാൻ നിരന്തരം പ്രയത്നിക്കുന്നു. ജഡത്തിന്റെ അപൂർണ്ണതകൾ മൂലം അവർക്ക് ആത്മാവിൽ നടക്കുവാനാകില്ല എന്നറിഞ്ഞിട്ടും അവർ അതിനു ശ്രമിക്കുന്നു. അവർ അറിയുകയും പോരാടുകയും ചെയ്യുന്ന കുറവുകൾക്ക് ഇവർക്ക് ലഭിക്കുന്ന ശകാരത്തിനും, താക്കീതിനും, ദണ്ഡനത്തിനും, കുറ്റപ്പെടുത്തലിനും പകരം അവർക്ക് സഹതാപവും, സഹായവും, ആശ്വാസവും ആണ് ആവശ്യം.

എന്തുകൊണ്ടാണ് "ഗിലെയാദിന്റെ സുഗന്ധതൈലം" സീയോന്റെ യഥാർത്ഥ മക്കൾക്ക് തിരുവെഴുത്ത് നൽകുന്നത് എന്ന് ചിലർ ശ്രദ്ധിച്ചിരിക്കാം. തിരുവെഴുത്തുകൾ മുഴുവനും ആശ്വാസം അടങ്ങിയിരിക്കുന്നു. കൂടാതെ യഥാർത്ഥ ദൈവജനം സഭയിൽ ആശ്വാസത്തിന്റെ പുത്രന്മാരും, പുത്രിമാരും ആണെന്നും കർത്താവ് ഉദ്ദേശിച്ച സഹായങ്ങളും, പ്രോത്സാഹനവും, ഉണർവ്വും പരസ്പരം നൽകുന്നവരും ആണ് എന്ന് അവർ അറിയുകയും ചെയ്യേണ്ടത് ആവശ്യമാണ്. നമ്മുടെ കർത്താവ് പരിശുദ്ധാത്മാവിനെ ആശ്വാസദായകനായും, കൂടാതെ സ്വയം ആശ്വാസദായകനായും തന്റെ വാക്കുകളിലൂടെ അവതരിപ്പിക്കുന്നു, "എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും." (യോഹ. 14:16).

നമ്മുടെ കർത്താവായ യേശുവിന്റെ മൂന്നര വർഷത്തെ ശുശ്രൂഷാ കാലത്ത് താൻ എന്നായിരുന്നു ഒരു ആശ്വാസകൻ ആയിരുന്നത് എന്ന് വീക്ഷിക്കുമ്പോൾ അതിന്റെ അന്ത്യത്തിൽ തന്റെ വിശ്വസ്തരായവരോട് അവിടുന്ന് ഇങ്ങനെ പറയുന്നത് കാണാം, "ഞാൻ നിങ്ങളെ അനാഥരായി (ആശ്വാസമറ്റവർ) വിടുകയില്ല", ഒരു സംരക്ഷകൻ ഇല്ലാത്തവരായി വിടുകയില്ല എന്നു പറഞ്ഞത് കാണുന്നു (യോഹ. 14:18). അവിടുന്ന് അപ്പൊസ്തലന്മാരോട് കൂടെ ഇരുന്നപ്പോൾ അവർക്ക് നൽകിയ ആശ്വാസത്തെയും, പിതാവിനോടുള്ള തന്റെ പ്രാർത്ഥനയിൽ നാം കാണുന്നു, "അവരോടു കൂടെ ഇരുന്നപ്പോൾ ഞാൻ അവരെ നീ എനിക്ക് തന്നിരിക്കുന്ന നിന്റെ നാമത്തിൽ കാത്തുകൊണ്ടിരുന്നു; അവരെ ഞാൻ സൂക്ഷിച്ചു" എന്ന് തിരുവെഴുത്ത് പറയുന്നു (യോഹ. 17:12).

**യേശു വലിയ ആശ്വാസദായകൻ**

"എളിയവരോട് സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്കിരിക്കകൊണ്ട് യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഇരിക്കുന്നു; ഹൃദയം തകർന്നവരെ മുറികെട്ടുവാനും... ദുഃഖിതന്മാരെയൊക്കെയും ആശ്വസിപ്പിപ്പാനും സീയോനിലെ ദുഃഖിതന്മാർക്കു വെണ്ണീറിനു പകരം... സ്തുതി എന്ന മേലാടയും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു;" എന്നു നമ്മൾ വായിക്കുന്നതുപോലെ നമ്മുടെ കർത്താവ് ആശ്വാസദായകൻ ആയിരിക്കും എന്നു പ്രവാചകന്മാർ വഴി നമുക്ക് മുൻകൂട്ടി അറിയിച്ചു നൽകിയിരിക്കുന്നു (യെശ. 61:1-3).

മറ്റ് ആശ്വാസദായകന്മാരെക്കാളും ഉന്നതനും ഉയർന്നവനുമായ സീയോനിലെ ഏറ്റവും വലിയ ആശ്വാസദായകൻ നമ്മുടെ കർത്താവായ യേശു ആയിരുന്നു എന്ന് ഇവ എല്ലാറ്റിൽ നിന്നും അർത്ഥമാക്കുന്നു. താഴ്മയും, വിനയവും, ഉദ്ദേശ്യശുദ്ധി ഉള്ളവരുമായവരുടെ ബലഹീനതകളിലും, പരിശോധനകളിലും, പ്രയാസങ്ങളിലും അവിടുന്ന് അവരോട് സഹതപിച്ചു. ഇതാണ് ഇന്ന് നമ്മുടെ ഹൃദയങ്ങളിലും, സമർപ്പണാർത്ഥത്തിൽ തന്റെ ജനം അല്ലാത്തവരിലും യേശുവിന്റെ വാക്കുകളും സ്വഭാവവും പിടിച്ചുകൊള്ളുന്നത്. നിരന്തരം അപ്പൊസ്തലന്മാരെ ശാസിച്ചതുകൊണ്ടോ, അവരെ കുറ്റപ്പെടുത്തിയതുകൊണ്ടോ അല്ല. നമ്മുടെ കർത്താവ് അവരോട് സഹതപിക്കുകയും, അവരെ സഹായിക്കുകയും, അവർ മരണം വരെ കൂടുതൽ

കൂടുതൽ തന്റെ വിശ്വസ്തരായ അനുയായികളായിരിപ്പാൻ അവരുടെ ഹൃദയ ഉദ്ദേശ്യങ്ങളെ വിശാലമനസ്ഥിതിയോടെയും ഔദാര്യത്തോടും വ്യാഖ്യാനിച്ചതിനാലും ആണ് ഇങ്ങനെ സംഭവിച്ചത്.

പാപിയായി മുദ്ര കുത്തിയ സ്ത്രീയുടെ കാര്യം ശ്രദ്ധിക്കുക, അവൾക്ക് എതിരെ പരീശന്മാർ അധിക്ഷേപം ഉന്നയിച്ചപ്പോൾ നമ്മുടെ കർത്താവ് അതിനെ പരാജയപ്പെടുത്തിയതെങ്ങനെയെന്നും ശ്രദ്ധിക്കുക. അവിടെ നിന്നവരെ അവൻ ശകാരിച്ചത് ശ്രദ്ധിക്കുക; "നിങ്ങളിൽ പാപം ഇല്ലാത്തവൻ അവളെ ഒന്നാമത് കല്ല് എറിയട്ടെ", അങ്ങനെ അവർ തങ്ങളുടെ അപൂർണ്ണതകൾ മൂലം കുറ്റക്കാരെന്നു തെളിഞ്ഞതെങ്ങനെ എന്നു നോക്കൂ. നമ്മുടെ കർത്താവ് ആ സ്ത്രീയോട് ഇങ്ങനെ പറഞ്ഞു, "ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല; പോക, ഇനി പാപം ചെയ്യരുത്" (യോഹ. 8:3-11).

പ്രാകിയും ആണയിട്ടും യേശുവിനെ തള്ളിപ്പറഞ്ഞ അപ്പൊസ്തലനായ പത്രൊസിനോട് താൻ ഇടപെടുന്നത് നോക്കുക (മർക്കൊ. 14:71). എല്ലാ അപ്പൊസ്തലന്മാരുടെയും മുൻപിൽ വെച്ച് പരസ്യമായി പത്രൊസിനെ ശാസിക്കേണ്ടതും, പരസ്യമായ കുറ്റസമ്മതവും ഏതെങ്കിലും വിധത്തിലുള്ള പ്രായശ്ചിത്തവും, പിന്നീട് കൂടി വരുന്ന എല്ലാ അവസരത്തിലും അവന്റെ ബലഹീനതയും അവിശ്വസ്തതയും ചൂണ്ടി കാട്ടികൊണ്ട് സംസാരിക്കേണ്ടതും കർത്താവിന്റെ അനുയായികൾക്ക് തങ്ങളുടെ കടമയാണ് എന്ന് തോന്നിച്ചിരിക്കാം. അവർ യഥാർത്ഥ രീതിയിൽ കർത്താവിന്റെ ആത്മാവിനെ മനസ്സിലാക്കുകയോ, മാതൃകയാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ സഭയിൽ ആശ്വാസത്തിന്റെ പുത്രന്മാരോ, പുത്രിമാരോ ആവുകയില്ല. നേരേമറിച്ച് അവർ സ്പർദ്ധ ജനിപ്പിക്കുന്നവരും, അവൻ മുന്നോട്ടു കൊണ്ടു പോകുവാൻ ആഗ്രഹിക്കുന്ന വേലയിൽ ശല്യമുണ്ടാക്കുന്ന തടസ്സങ്ങളുമാണ്. അവർ ഗുരുവിന്റെ ശബ്ദത്തിനു ചെവി കൊടുക്കണം, "എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ" (മത്താ. 11:29). നാം കർത്താവിനെ കുറിച്ച് പഠിക്കുന്നതിനനുസരിച്ച് നാം ന്യായപ്രമാണത്തിന്റെ നാവുകൾ മാത്രമായല്ല മാറുന്നത്, കൂടാതെ പ്രത്യേകമായും കരുണയുടെയും, സ്നേഹത്തിന്റെയും, സഹായത്തിന്റെയും, ആശ്വാസത്തിന്റെയും കൂടെ നാവുകളായാണ് മാറുന്നത്.

രേഖകൾ സൂചിപ്പിക്കുന്നതനുസരിച്ച് നമ്മുടെ കർത്താവ് ഒരിക്കൽ പോലും പത്രൊസിന്റെ അടുക്കൽ അവന്റെ അഭക്തിയോ, വഞ്ചനയോ ചൂണ്ടിക്കാണിച്ചില്ല. ഇത് പറയാതെ തന്നെ പത്രൊസിനു അറിയാമായിരുന്നു. അത് മൂലം അവൻ പൊട്ടിക്കരഞ്ഞു. കർത്താവിങ്കൽ നിന്നും ഉള്ള ശാസനയുടെയോ, ശകാരത്തിന്റെയോ ഏത് ചെറിയ വാക്ക് പോലും അവനെ ചിലപ്പോൾ ആശയറ്റവനാക്കി നിരുത്സാഹപ്പെടുത്തുമായിരുന്നേക്കാം.

ശകാരം എന്ന രീതിയിൽ നമ്മുടെ കർത്താവിന്റെ പെരുമാറ്റത്തിൽ നിന്നും നാം ആകെ കാണുന്നത്, "നീ എന്നെ സ്നേഹിക്കുന്നുവോ?" എന്ന ചോദ്യം മാത്രമാണ്. സീയോന്റെ ആശ്വാസത്തിന്റെ പുത്രന്മാരും, പുത്രിമാരും ആയവർ ശിക്ഷിക്കുവാനോ, തിരുത്തുവാനോ, ശാസിക്കുവാനോ, വിമർശിക്കുവാനോ പാടില്ല എന്ന പാഠം മഹാനായ ഗുരുവിൽ നിന്നും പഠിക്കട്ടെ. ഇതു കഴിയും വിധം ഒഴിവാക്കുവാനും, അവരുടെ കഴിഞ്ഞ കാലത്തെ കുറിച്ചും, ഈ കാലത്തെ കുറിച്ചും അതായത് കുറ്റക്കാരന് കർത്താവിനോടും, അവിടുത്തെ ആട്ടിൻകൂട്ടത്തോടും ഇപ്പോഴുള്ള മനോഭാവം എന്താണ്? അന്വേഷിക്കുന്നത് ഒഴിവാക്കട്ടെ.

**ആശ്വാസവും ആശ്വസിപ്പിക്കലും ആവശ്യമാണ്**

ഈ വസ്തുതയെ പൂർണ്ണമായും മനസ്സിലാക്കിക്കൊണ്ടു തന്നെയാണ് ശാസനത്തിനും തിരുത്തലിനും പകരം സഭക്ക് ആശ്വാസമാണ് ആവശ്യം എന്നു കർത്താവ് സൂചിപ്പിക്കുന്നത്, "ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ (പരിശുദ്ധാത്മാവ്) നിങ്ങളുടെ അടുക്കൽ വരികയില്ല". അനുഗ്രഹം നൽകിത്തരുന്നതിനു മുൻപ് തന്നെ സ്വർഗ്ഗീയ പിതാവിനു "അതിവിശുദ്ധത്തിൽ" മറുവിലയിൻ പുണ്യം അർപ്പിക്കേണ്ടതുണ്ടായിരുന്നു. യേശുവിനെ സ്വീകരിച്ചവർക്ക് അതായത് അവന്റെ വചനത്തിലും അവരെ വിശ്വസിച്ചവർക്ക്, ആത്മാവിനെ നൽകിത്തരുന്ന ആശ്വാസത്തിനും വളരെ മഹത്തവും, അമൂല്യവുമായ വാശത്തങ്ങളുടെയും ആശ്വാസത്തിനും കാരണമാകും. നമ്മുടെ കർത്താവ് കാര്യസ്ഥനെ/പരിശുദ്ധാത്മാവിനെ നമ്മെ ശാസിക്കുന്ന സ്വഭാവമുള്ളതായിട്ടാണ് അവതരിപ്പിക്കുന്നതെങ്കിലും, സഭയെ ശകാരിക്കുന്ന ഒന്നായിട്ടല്ല അവതരിപ്പിക്കുന്നത്. "അവൻ വന്ന് പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തും." എന്ന് അവൻ പറഞ്ഞു. പരിശുദ്ധാത്മാവ് സഭയുമായുള്ള ബന്ധത്തിൽ അവരെ ശാസിക്കുന്നതായി കാണുന്നത് അപ്പൊസ്തലൻ നൽകിത്തന്നിരിക്കുന്നു, "ദൈവത്തി




ന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്, അവനാലല്ലോ നിങ്ങൾക്കു വീണ്ടെടുപ്പു നാളിനായി മുദ്രയിട്ടിരിക്കുന്നത്." വീണ്ടും അവൻ പറയുന്നു, "ആത്മാവിനെ കെടുക്കരുത്" (എഫെ. 4:30; 1 തെസ്സ. 5:19).

കർത്തൃജനങ്ങളുടെ ആശ്വാസത്തിനു വേണ്ടി വലിയ കരുതൽ നടപടികൾ ഉള്ളതിനാൽത്തന്നെ അവരെ ആശ്വസിപ്പിക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കാം. ഇതിന്റെ ആവശ്യകതയെന്തുകൊണ്ടെന്ന് കണ്ടെത്തുവാൻ പ്രയാസമില്ല. കർത്തൃജനം എല്ലാ സമയവും പ്രതിസന്ധിയുടെ സാഹചര്യങ്ങളാൽ അതായത് – ലോകം, ജഡം, പിശാച് എന്നിവയാൽ വലയം ചെയ്യപ്പെടുന്നു. കൃപയിലും, ജ്ഞാനത്തിലും, സ്നേഹത്തിലുമുള്ള കർത്തൃജനത്തിന്റെ വികാസത്തെ തടസ്സപ്പെടുത്തിക്കൊണ്ട്, വിശ്വാസികൾക്ക് മാത്രം ദൈവം വാഗ്ദത്തം ചെയ്ത പൂർണ്ണതയും തുടർന്നു വരുന്ന മഹത്വവും നേടുന്നതിനെ അങ്ങനെ ഒടുക്കം തടയുന്നതിനായി ഇവ ക്രിസ്ത്യാനിയെ ഭയപ്പെടുത്തുവാനും, നിരുത്സാഹപ്പെടുത്തുവാനും, കെണിയിൽ പെടുത്തുവാനും ശ്രമിക്കുന്നു. സഭയിലെ സമാധാന പുത്രനും, പുത്രിയും ആകുവാൻ നമ്മുടെ ഹൃദയങ്ങളിൽ സ്നേഹവും, സമാധാനവും വലിയ അളവിൽ ഉണ്ടായിരിക്കണം. സഹതാപവും, സ്നേഹവും ഹൃദയത്തിൽ വരുന്നതിന് ആനുപാതികമായി ജഡത്തിന്റെ ആത്മാവായ കോപത്തെയും, പകയെയും, വെറുപ്പിനെയും, പോരാട്ടത്തെയും, പൊങ്ങച്ചത്തെയും ആദ്യം തള്ളിപ്പുറത്താക്കിയതുപോലെ തന്നെ ഇവ സ്പർദ്ധയുടെയും, തർക്കത്തിന്റെയും ആത്മാവിനെയും, മറ്റുള്ളവരെ വിധിക്കുന്നതും, തെറ്റു കണ്ടുപിടിക്കുന്നതുമായ ആത്മാവിനെയും തള്ളിപ്പുറത്താക്കും.

ഉപകാരപ്രദവും, സമാധാനദായകവും, ആശ്വാസദായകവുമായ ആത്മാവുള്ളവരും, മറ്റുള്ളവരുടെ മുറിവുള്ള ഹൃദയത്തിൽ ഈ തൈലം ഒഴിക്കുവാൻ കഴിയുന്നവരും, രൂക്ഷമായ പരിശോധനകളിലൂടെയും, പ്രയാസങ്ങളിലൂടെയും, ശിക്ഷണങ്ങളിലൂടെയും കടന്നുപോയവരും അങ്ങനെ നമ്മുടെ മനുഷ്യരാശിയുടെ വൈകല്യങ്ങളുടെ അനുഭവം അറിഞ്ഞവരും, കൂടാതെ ജഡത്തിലല്ല ആത്മാവിൽ നടക്കുവാൻ പരിശ്രമിക്കുന്ന "സഹോദരങ്ങൾക്ക്" ഉണ്ടാകുന്ന ബലഹീനതകൾക്കും, എതിർപ്പുകൾക്കും എതിരെ സഹതാപം ഉള്ളവരും ആയിരിക്കും എന്നാണ് നിയമം (എല്ലാ നിയമങ്ങളും വ്യത്യസ്തമാണ്). "അനുകമ്പയുടെ അന്തരംഗം" ഇല്ലാത്തവർ, അൽപം പോലും സഹതാപം ഇല്ലാത്തവർ, ദുർബലർക്കോ ഇടറുന്നവർക്കോ വഴിതെറ്റിയവർക്കോ ഒരു കൈത്താങ്ങ് നൽകുവാനുള്ള ആഗ്രഹം തീരെയില്ലാത്തവർ സ്നേഹമെന്ന വാക്കിന്റെ അർത്ഥത്തെ അതിന്റെ ഉയർന്ന അർത്ഥതലത്തിൽ അതായത് അവസരം കിട്ടും പോലെ തികഞ്ഞ സ്നേഹം, സഹോദരന്മാരോടുള്ള സ്നേഹം, അതെ, സകല മനുഷ്യവർഗ്ഗത്തോടുമുള്ള സ്നേഹം, ശത്രുക്കളോടുള്ള സ്നേഹം "പ്രത്യേകിച്ച് വിശ്വാസത്തിന്റെ ഭവനക്കാരോടുള്ള സ്നേഹം പ്രകടിപ്പിക്കുവാൻ ഇനിയും ഒരുപാട് പഠിക്കുവാനുണ്ട്.

**പരിശുദ്ധാത്മാവ് സഭയെ വിവിധ രീതിയിൽ ആശ്വസിപ്പിക്കുന്നു**

(1) സത്യത്തോടും കർത്താവിനോടുമുള്ള ഐക്യത്തിലേക്ക് വരാൻ നമ്മെ പ്രാപ്തമാക്കുന്നതിലൂടെ അത് നമ്മെ ആശ്വസിപ്പിക്കുന്നു. കാര്യങ്ങളെ ദൈവീക കാഴ്ചപ്പാടിൽ നിന്ന് കാണുക മാത്രമല്ല, അതേ നിലപാടിൽ നിന്നും വിലമതിക്കുവാനും, അനുഭവിക്കുവാനും ഒരു പരിധിവരെ അത് അനുവദിക്കുന്നു. എന്തെന്നാൽ ആത്മാവ് സത്യവചനത്തിൽ ഉണ്ടെങ്കിലും സത്യവചനം ഗ്രഹിക്കുവാൻ നമ്മെ പ്രാപ്തരാക്കേണ്ടതിനു നമ്മുടെ തിരിച്ചറിവിന്റെ കണ്ണുകൾ തുറക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. പരിശുദ്ധാത്മാവിനെ നാം കൈവശപ്പെടുത്തിയിരിക്കുന്നതിലൂടെ ഇരട്ടിയായ ആശ്വാസം നമ്മളുടേതാണ് – അതായത് അത് നമ്മിൽ പെരുകുന്നതിനും, നമ്മുടെ ഹൃദയങ്ങളിൽ പരക്കെ ചൊരിയുന്നതിനും ആനുപാതികമായിട്ടായിരിക്കും ഇത് നമുക്ക് ലഭിക്കുക. അതെ അത് തീർച്ചയായും പെരുകുകയും വചനത്തിൽ പരക്കെ അറിയിക്കുകയും ചെയ്യുന്നു എന്നാൽ അത് മതിയായതല്ല. നാം പുരാതന സഭയെക്കുറിച്ച് ഇങ്ങനെ വായിക്കുന്നു. "അത്... കർത്താവിനോടുള്ള ഭക്തിയിലും (ഭയഭക്തി) പരിശുദ്ധാത്മാവിന്റെ പ്രബോധനത്തിലും നടന്നും പെരുകികൊണ്ടിരുന്നു" (അപ്പൊ. 9:31).




(2) അത് നമ്മെ തിരുവെഴുത്തിലൂടെയും, ദൈവത്തിന്റെ വാഗ്ദത്തങ്ങളിലൂടെയും സത്യത്തിലൂടെയും നമ്മെ ആശ്വസിപ്പിക്കുന്നു – എന്തുകൊണ്ടെന്നാൽ അത് വചനത്തിന്റെ ആത്മാവ് അല്ലയോ! സത്യത്തിന്റെ നീർച്ചാലായ ദൈവവചനം നമ്മെ പരിശുദ്ധാത്മാവ് അതിന്റെ അറിവിലേയ്ക്ക് നയിക്കുന്നതിന് ആനുപാതികമായി നമ്മെ അത് ആശ്വസിപ്പിക്കുവാൻ ഉള്ളതാണ്. നാം വായിക്കുന്നതുപോലെ "മുൻ എഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായും [നിർദ്ദേശത്തിനും], നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും, ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിനു തന്നെ എഴുതിയിരിക്കുന്നു" (റോമ. 15:4).

(3) സഭ, സഹോദരന്മാർ, പരിശുദ്ധാത്മാവിനാൽ ഉത്തേജിപ്പിക്കപ്പെടുന്നതനുസരിച്ച് അതു നൽകുന്ന സത്യത്തിന്റെ അറിവിന്റെ വിലമതിക്കലിനെ മനസ്സിലാക്കുവാൻ ഉള്ള ശക്തിയും ആനുപാതികമായി സഭയിൽ പരിശുദ്ധാത്മാവിന്റെ പ്രതിനിധികൾ ആയി മാറുന്നു – അതായത് സമാധാന നായകനായി മാറുന്നു. അപ്പൊസ്തലൻ ഈ ആശയം ആണ് ഇവിടെ പറഞ്ഞു തരുന്നത്, "സ്ഥിരതയും ആശ്വാസവും നൽകുന്ന ദൈവം നിങ്ങൾക്കു ക്രിസ്തുയേശുവിനു അനുരൂപമായി തമ്മിൽ ഏകചിന്തയോടിരിപ്പാൻ കൃപ നൽകുമാറാകട്ടെ" (റോമ. 15:6).

മുൻപറഞ്ഞ ക്രമത്തിന്റെ നേർവിപരീതം എടുത്ത് സഹോദരങ്ങൾ സഭയെ ആശ്വസിപ്പിക്കേണ്ട രീതിയെ പരിഗണിച്ചാൽ, അത് പരിശുദ്ധാത്മാവിന്റെ മാർഗ്ഗങ്ങളും, ദൈവവചനത്തിന്റെ വായും ആയിട്ടായിരിക്കും എന്നും നാം മനസ്സിലാക്കുന്നു. ദൈവത്തിൽ നിന്നും ആശ്വാസം ലഭിക്കാത്ത പക്ഷം ഒരുവനും ആശ്വാസദായകനായിരിക്കുവാൻ കഴിയുകയില്ല.

യേശുക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ചതിൽ പ്രദർശിപ്പിക്കപ്പെട്ട ദൈവസ്നേഹത്തെയും കരുണയെയും കുറിച്ചുള്ള ദൈവവചനത്തിലെ വാഗ്ദത്തം സ്വീകരിക്കുന്ന സമയത്തു തന്നെ ദൈവജനം ആശ്വാസം സ്വീകരിക്കുന്നത് ആരംഭിക്കും. അവർ ഈ ദൈവകൃപ വിശ്വാസത്താൽ തങ്ങൾക്ക് അനുഗുണമാക്കിയപ്പോൾ അവർ അവരുടെ ആദ്യ ആശ്വാസമായ – സമാധാനം, സന്തോഷം, അനുഗ്രഹം എന്നിവ രുചിച്ചറിഞ്ഞു. അവർ കൂടുതൽ പുരോഗമിക്കുകയും കർത്താവിന്റെ പാതയെ കൂടുതൽ പരിപൂർണ്ണമായി പഠിക്കയും ചെയ്തപ്പോൾ കൂടുതലായ കൃപയിലേക്കു വാതിലുകൾ അവർക്കായി തുറക്കപ്പെടും – അത് പൊതുമാനവരാശിയെ ആശ്വസിപ്പിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ഉള്ള രാജ്യത്തിൽ ക്രിസ്തുവിനോട് കൂടെ ചേരുവാൻ ഉള്ള ക്ഷണമാണ് (റോമ. 5:2).

ഈ പ്രീതിയുടെ വാതിലിൽ പ്രവേശിക്കപ്പെടുന്നതനുസരിച്ച് കൂടുതലായ ആശ്വാസം, ആനന്ദം, സമാധാനം, അനുഗ്രഹം എല്ലാം കൂടി ചേർക്കപ്പെടുകയും, മനസ്സിലാക്കപ്പെടുകയും, വിലമതിക്കപ്പെടുകയും ചെയ്തു. പരിശുദ്ധാത്മാവ് നൽകിത്തന്ന സത്യത്തിന്റെ ശുശ്രൂഷയ്ക്ക് കീഴിൽ പ്രീതി ലഭിച്ചവർ പുരോഗമിക്കുകയും സത്യവചനം ശരിയാംവണ്ണം വിഭജിക്കുവാൻ അതിന്റെ വിവിധ വിശേഷലക്ഷണങ്ങളെ വിലമതിക്കുവാനും കൂടുതൽ പ്രാപ്തരാകുകയും ചെയ്തു. അതേ അളവിൽ തന്നെ അവരുടെ വിശ്വാസം കൂടുതൽ ബലപ്പെടുകയും, ദൈവത്തെ കുറിച്ചും അവിടുത്തെ പദ്ധതിയെക്കുറിച്ചും ആഴമേറിയതും വർദ്ധിച്ചുവരുന്നതുമായ അവരുടെ ആശ്വാസവും സന്തോഷവും പെരുകുകയും ചെയ്തു.

കൂടാതെ, അവർ ദിവ്യവചനത്തിന്റെ കണ്ണാടിയിൽ കർത്താവിന്റെ മഹത്ത്വം വഹിക്കുമ്പോൾ, അവിടുത്തെ മഹത്തായ സ്വഭാവത്തിൽ നിന്നും പ്രതിഫലിക്കുന്ന വെളിച്ചം അവരുടെ ഹൃദയങ്ങളെ പ്രകാശിപ്പിച്ചുകൊണ്ട് സകല വിശുദ്ധന്മാരോടും ഒത്ത് ദൈവസ്നേഹത്തിന്റെ നീളവും വീതിയും ഉയരവും ആഴവും മനസ്സിലാക്കുവാൻ ആവുകയും അത്

വർദ്ധിച്ചുവരുന്ന ദൃഢവിശ്വാസവും ആശ്വാസവും നൽകുകയും ചെയ്യുന്നു. പുരോഗമിക്കുന്ന ഓരോ ചുവടുകളും കൈവരിക്കുന്നതനുസരിച്ച് സ്വഭാവത്തിൽ ഏറ്റുവാങ്ങുന്ന ഓരോ വികാസവും പ്രീതി ലഭിച്ചവനെ മറ്റുള്ളവർക്ക് ആശ്വാസം നൽകുന്നവനായി തീരുവാൻ കൂടുതൽ അഭ്യസിപ്പിക്കുന്നു. അവൻ ആശ്വാസത്തിൽ ആദ്യ അംശങ്ങൾ സ്വീകരിച്ചിരിക്കയാൽ അവനിലേക്ക് ആ ആശ്വാസം വന്നെത്തിയതുപോലെ മറ്റുള്ളവർക്കും ആശ്വാസം നൽകിക്കൊടുക്കുക എന്നതും അതിനെ തുടർന്നുകൊള്ളുക എന്നതും അവന്റെ കടമയും അവകാശവും ആണ്. മറ്റുള്ളവരുടെ മേൽ പ്രകാശിപ്പിച്ചുകൊണ്ട് കർത്താവിന്റെ പ്രീതിയുടെ വിലമതിപ്പ് പ്രകടിപ്പിക്കാതിരിക്കുകയും തനിക്കു ലഭിച്ച പ്രീതിയും അനുഗ്രഹങ്ങളും ഉപയോഗിക്കാതിരിക്കുകയും ചെയ്താൽ തന്നിലെ വെളിച്ചം മങ്ങുകയും, ഇരുളാവുകയും, കെട്ടുപോവുകയും ചെയ്യുമെന്ന് അനുഭവങ്ങളിലൂടെയും തിരുവെഴുത്തിലൂടെയും നമുക്ക് അറിയാം. എന്നാൽ മതിപ്പുളവാക്കാൻ ആഗ്രഹിക്കുന്ന കാര്യം, ഒരു ആശ്വാസദായകനാകുവാനുള്ള കഴിവ് കൃപയുടെയും, അറിവിന്റെയും വളർച്ചയെ ആശ്രയിച്ചിരിക്കുന്നു എന്നതാണ്, കാരണം സ്വയം ആശ്വസിക്കുന്നവർക്കല്ലാതെ മറ്റാർക്കും ഈ കൃപ മറ്റുള്ളവരിലേക്ക് വിതരണം ചെയ്യാൻ കഴിയില്ല.

### അപ്പൊസ്തലിക ഉപദേശങ്ങൾ ആശ്വസിപ്പിക്കുന്നു

ഈ വിഷയത്തിൽ ഉള്ളതും, നമ്മൾ അടയാളപ്പെടുത്തിയ ആശയത്തെക്കുറിച്ചുമുള്ള അപ്പൊസ്തലന്റെ ഉപദേശങ്ങളെ ശ്രവിക്കുക. കൊരിന്ത്യർക്കുള്ള അദ്ദേഹത്തിന്റെ രണ്ടാമത്തെ ലേഖനത്തിൽ ഇങ്ങനെ പറയുന്നു (1:3-7). "മനസ്സലിവുള്ള പിതാവും സർവ്വാശ്വാസവും നൽകുന്ന ദൈവവുമായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവൻ. ദൈവം ഞങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാസം കൊണ്ടു ഞങ്ങൾ യാതൊരു കഷ്ടത്തിലുമുള്ളവരെ ആശ്വസിപ്പിപ്പാൻ ശക്തർ ആകേണ്ടതിനു ഞങ്ങൾക്കുള്ള കഷ്ടത്തിലൊക്കെയും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു (സമാധാനിപ്പിക്കുന്നു). ക്രിസ്തുവിന്റെ കഷ്ടങ്ങൾ ഞങ്ങളിൽ പെരുകുന്നതുപോലെ തന്നെ ക്രിസ്തുവിനാൽ ഞങ്ങളുടെ ആശ്വാസവും (സമാധാനവും) പെരുകുന്നു. ഞങ്ങൾ കഷ്ടം അനുഭവിക്കുന്നുവെങ്കിൽ അത് നിങ്ങളുടെ ആശ്വാസത്തിനും (സമാധാനത്തിനും) രക്ഷയ്ക്കും ആകുന്നു; ഞങ്ങൾക്ക് ആശ്വാസം വരുന്നു എങ്കിൽ അത് ഞങ്ങൾ സഹിക്കുന്ന കഷ്ടങ്ങൾ തന്നെ നിങ്ങളും സഹിക്കുന്നതിൽ നിങ്ങളുടെ ആശ്വാസത്തിനായി ഫലിക്കുന്നു. നിങ്ങൾ കഷ്ടങ്ങൾക്കു കൂട്ടാളികൾ ആകുന്നതുപോലെ ആശ്വാസത്തിനും കൂട്ടാളികൾ എന്നറികയാൽ നിങ്ങൾക്കുവേണ്ടി ഞങ്ങളുടെ പ്രത്യാശ ഉറപ്പുള്ളതുതന്നെ".

പത്തു തവണ ഈ വചനത്തിൽ അപ്പൊസ്തലൻ "ആശ്വാസം എന്ന പദം ഉപയോഗിക്കുന്നുണ്ട്. സഭയ്ക്ക് ആശ്വാസം എത്രമാത്രം വേണമെന്നും, തന്റെ വിശ്വസ്തർ എത്രമാത്രം ആശ്വസിപ്പിക്കുന്നവരാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു എന്നും, സഭയിലെ ഏറ്റവും ശക്തരായ അപ്പൊസ്തലന്മാർക്കും എത്രമാത്രം ആശ്വാസം വേണമെന്നും അറിയുവാൻ അവൻ കൂടുതൽ ശ്രമിച്ചിരുന്നു എന്നത് വ്യക്തമാണ്. സ്വർഗ്ഗീയ പിതാവ് പ്രകടിപ്പിച്ചതും, കർത്താവായ യേശു പ്രകടിപ്പിച്ചതും, അപ്പൊസ്തലന്മാർ പ്രകടിപ്പിച്ചതും, ക്രിസ്തുയേശുവിൽ വിശ്വസ്തരായവർ ഏവരും അഭ്യസിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നതുമായ ആശ്വാസത്തിന്റെയും സമാധാനത്തിന്റെയും ആത്മാവ് സത്യത്തിന്റെ ആത്മാവാണ്, പരിശുദ്ധാത്മാവിന്റെ ആത്മാവാണെന്നുള്ളതിന് മറ്റ് എന്ത് തെളിവാണ് വേണ്ടത്! തത്ഫലമായി, ഈ പാതയിൽ സീയോനിൽ ആശ്വാസദായകരായി വലിയ പുരോഗതി പ്രാപിക്കുന്നവർ കൃപയിൽ അധികം വളരുന്നു. ഇത് അവർ അറിവിൽ വളരുവാനും വചനത്തിന്റെ എല്ലാ തലത്തിലും സഭയ്ക്ക് സഹായമാകാനും കർത്താവിന്റെ സത്യത്തിന്റെ ശുശ്രൂഷയിൽ മുഖപത്രമായി ഉപയോഗിക്കാനും കഴിയുന്നവരാകുമെന്നു അതിനാൽ നമുക്ക് ഉറപ്പുണ്ടായേക്കാം.

അതേ ലേഖനത്തിൽ തന്നെ കുറച്ചുകൂടെ മുന്നോട്ടു പോകുമ്പോൾ (2 കൊരി. 7:4-13), അപ്പൊസ്തലൻ "ആശ്വാസം" എന്ന പദം ഏഴ് പ്രാവശ്യം ഉപയോഗിക്കുന്നു, "ഞാൻ ആശ്വാസം കൊണ്ടു നിറഞ്ഞിരിക്കുന്നു; ഞങ്ങളുടെ സകല കഷ്ടതയിലും സന്തോഷം എനിക്കു കവിഞ്ഞിരിക്കുന്നു. ഞങ്ങൾ മക്കെദോന്യയിൽ എത്തിയ ശേഷവും ഞങ്ങളുടെ ജഡത്തിനു ഒട്ടും സുഖമല്ല എല്ലാവിധത്തിലും കഷ്ടമത്രേ ഉണ്ടായത്; പുറത്തു യുദ്ധം, അകത്തു ഭയം. എങ്കിലും എളിയവരെ ആശ്വസിപ്പിക്കുന്ന ദൈവം തീത്തൊസിന്റെ വരവിനാൽ ഞങ്ങളെ ആശ്വസിപ്പിച്ചു. അവന്റെ വരവിനാൽ മാത്രമല്ല, അവനു നിങ്ങളെ കൊണ്ടു ലഭിച്ച ആശ്വാസത്താലും കൂടെ; നിങ്ങളുടെ

വാഞ്ചയും നിങ്ങളുടെ വിലാപവും എനിക്കായുള്ള നിങ്ങളുടെ എരിവും ഞങ്ങളോട് അറിയിച്ചതിനാൽ തന്നെ. അതുകൊണ്ട് ഞാൻ അധികമായി സന്തോഷിച്ചു... അതുകൊണ്ട് ഞങ്ങൾക്കു ആശ്വാസം വന്നിരിക്കുന്നു".

ആശ്വാസത്തിന്റെ ഈ വിഷയത്തിലുള്ള സഭയുടെ സഹായമനസ്കതയെയാണ് അപ്പൊസ്തലന്റെ ഭാഷയിലൂടെ ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. തീത്തൊസിനു അതിൽ പങ്കുണ്ടായിരുന്നു, പൗലൊസിനും അതിൽ പങ്കുണ്ടായിരുന്നു, കൊരിന്ത്യയിലെ സഭയ്ക്കും അതിൽ പങ്കുണ്ടായിരുന്നു – പരിശുദ്ധാത്മാവ് ലഭിച്ചവരും അഭ്യസിച്ചവരുമായ സത്യസഭയുടെ ഓരോ അംഗങ്ങൾക്കും അതിൽ പങ്കുണ്ടായിരുന്നു. ഈ എല്ലാ ആശ്വാസവും ദൈവത്തിങ്കൽ നിന്നുള്ളത് ആണെന്ന് അപ്പൊസ്തലൻ പറയുന്നു. അവന്റെ ജനത്തിന്റെ അത്തരത്തിലുള്ള, എല്ലാ അവസരങ്ങളിലും ദൈവത്തിന്റെ പൊതുവെയുള്ള പെരുമാറ്റം അത്തരത്തിലുള്ളത് ആണ് എന്ന് ദൈവത്തെക്കുറിച്ച് "സകല ആശ്വാസത്തിന്റെയും ദൈവം" എന്നും "എളിയവരെ ആശ്വസിപ്പിക്കുന്ന ദൈവം" എന്നും വിളിക്കുന്നതിൽ നിന്നും മനസ്സിലാക്കാം. ആയതിനാൽ കർത്താവിന്റെ അനുയായിയെ എവിടെ കണ്ടാലും അവന് എത്രമാത്രം ബലഹീനതയുണ്ടെങ്കിലും, എത്രമാത്രം ക്ഷീണിതൻ ആണെങ്കിലും, അവന്റെ വിഷമത്തിൽ കർത്താവിനെ സേവിക്കുവാനുള്ള അവസരമാണെന്നും, അവന്റെ കൃപയുടെ വഴിയായിരിക്കുവാനുള്ള അവസരമാണെന്നും മനസ്സിലാക്കി, ക്ഷീണിതനു ആശ്വാസവും, സമാധാനവും, സഹായവും നൽകി കൊടുക്കണം.

തെസ്സലോനിക്യർക്കുള്ള തന്റെ രണ്ടാമത്തെ ലേഖനത്തിൽ അപ്പൊസ്തലൻ തന്റെ ജീവിതത്തെക്കുറിച്ച് പറയുമ്പോൾ (1 തെസ്സ. 2:11) അവന്റെ രീതികളെ കുറിച്ച് ചെറിയൊരു കാഴ്ച നമുക്ക് ലഭിക്കുന്നു. അദ്ദേഹം ഒരിക്കലും സഭയെ അടക്കി ഭരിക്കുകയോ, സ്വേച്ഛാധിപത്യം നടത്തുകയോ, അവരെ നിരന്തരം ബുദ്ധിമുട്ടിക്കുകയോ, ഭീഷണിപ്പെടുത്തുകയോ, ശാസിക്കുകയോ ചെയ്തിട്ടില്ല എന്നു കാണുവാൻ സാധിക്കും. മറിച്ച് അദ്ദേഹം ഇങ്ങനെ പറയുന്നു, "ഞങ്ങൾ നിങ്ങളിൽ ഓരോരുത്തനെ അപ്പൻ മക്കളെ എന്ന പോലെ പ്രബോധിപ്പിച്ചും, ഉത്സാഹിപ്പിച്ചും സാക്ഷ്യം പറഞ്ഞും പോന്നു എന്ന് നിങ്ങൾക്ക് അറിയാമല്ലോ". ആശ്വസിപ്പിപ്പാനും സഹായിക്കാനും സഭയിൽ അവരെ അപ്പന്മാരും സഹോദരങ്ങളും ആയി മാറ്റിയ അപ്പൊസ്തലന്മാരിലെ ഈ സുപരിചിതമായ ആത്മാവ് കർത്താവിന്റെ ദാസന്മാർക്കും ആശ്വാസദായകരായ മക്കൾക്കും അതായത് ആശ്വാസദായകരായ പുത്രന്മാർക്കും ഒരു മാർഗദർശി ആയിരിക്കണം.

ദൈവത്തിന്റെ യഥാർത്ഥ ആത്മാവിൽ, അവിടുത്തെ സത്യത്തിന്റെ യഥാർത്ഥ ആത്മാവിൽ പ്രവേശിക്കുന്നവർക്കു മാത്രമേ, ലോകത്തിലെ ജ്ഞാനികൾക്കും ക്രിസ്തുവിന്റെ ആത്മാവും, ആശ്വാസത്തിന്റെയും, സഹായത്തിന്റെയും, സഹതാപത്തിന്റെയും, സ്നേഹത്തിന്റെയും ആത്മാവും ഇല്ലാത്തവർക്ക് മറഞ്ഞുകിടക്കുന്നതുമായ കർത്താവിന്റെ പ്രവചനങ്ങളുടെയും വെളിപാടുകളുടെയും അർത്ഥം ആനുപാതികമായി മനസ്സിലാക്കുവാനാകുകയുള്ളു.

ഒരു വേള ഈ കാരണത്താലാകും കർത്താവിന്റെ വചനത്തിൽ വ്യാഖ്യാനികൾക്ക് അത് മനസ്സിലാക്കുന്നതിൽ പരജായം സംഭവിച്ചത്. അനേകരും ഇരുട്ടിലാകുവാനുള്ള കാരണവും ഒരു പക്ഷേ ഇതു തന്നെയായിരിക്കാം. അവർ ആശ്വാസത്തിന്റെയോ, സ്നേഹത്തിന്റെയോ ആത്മാവിനെ സ്വീകരിച്ചിട്ടില്ല, ആയതിനാൽ ദൈവവചനം ഉയർത്തിപ്പിടിക്കുന്ന സ്നേഹോദാരവും മഹത്തരവുമായ പദ്ധതിയെ അവർക്ക് വിലമതിക്കുവാൻ ആകുന്നില്ല. "കൃപയിലും ജ്ഞാനത്തിലും വളരുവിൻ" എന്ന് അപ്പൊസ്തലൻ പറഞ്ഞതിൽ കൃപയെ ആദ്യം പറഞ്ഞത് അവിചാരിതമായിട്ടായിരിക്കില്ല.

ലോകപരമായ, കഠിനഹൃദയമുള്ള മനുഷ്യരുടെ പോലും ഹൃദയം വേദനിപ്പിക്കുക എന്നത് നമ്മുടെ ചുമതലയല്ല. തന്റെ വിവിധ ശിക്ഷണങ്ങളിലൂടെയും, വിധിയിലൂടെയും നടപ്പിലാക്കേണ്ടതിനു അവരെ കർത്താവിനു വിട്ടുകൊടുക്കുക. ആശ്വസിപ്പിക്കുവാൻ നമ്മെ നിയോഗിച്ചിട്ടില്ല. നമുക്ക് ആശ്വസിപ്പിക്കുവാൻ വേണ്ടി വിലാപ വിഷയം ഉണ്ടാക്കുന്നതും നമുക്കുള്ളതല്ല. സ്വന്തം പിഴവുകളും ബലഹീനതകളും മനസ്സിലാക്കി അഭയത്തിനും വീണ്ടെടുപ്പിനുമായി കാത്തിരിക്കുന്ന താഴ്മയുള്ള വിലപിക്കുന്നവരെ തേടുവാനാണ് നമ്മെ നിയോഗിച്ചിരിക്കുന്നത്. ലോകത്തിന്റെ പാപം അകറ്റിയ ദൈവത്തിന്റെ കുഞ്ഞാടിലേക്ക് ഇവരെ ചൂണ്ടിക്കാണിക്കേണ്ടതും, ഈ കാലത്തെ കഠിന ഭാരത്തിന്റെയും, നിരാശയുടെയും, ദുഃഖത്തിന്റെയും, കുഴപ്പത്തിന്റെയും സ്ഥാനത്ത് കർത്താവ് വാഗ്ദത്തം ചെയ്തിരിക്കുന്ന മരണത്തിന്റെ ചാരത്തിൽ നിന്നുള്ള പുനരുത്ഥാനത്തിന്റെ ഭംഗിയേയും, മഹ

ത്വത്തേയും ചൂണ്ടിക്കാണിച്ച് കൊടുക്കേണ്ടതും നമ്മുടെ വേലയാണ്, "ഉഷസ്സിൽ ആനന്ദഘോഷം വരുന്നു" എന്ന് അവരോട് പറയേണ്ടതും അവരെ എഴുന്നേൽക്കുവാൻ സഹായിക്കേണ്ടതും മഹത്വത്തിന്റെ വസ്ത്രം ധരിച്ച്, "അവരുടെ വായിൽ പുതിയൊരു പാട്ടും" – ദൈവത്തിന്റെ സ്നേഹാദരമായ കൃപയോടു കൂടെ ജീവന്റെ പുതുക്കത്തിൽ നടപ്പാൻ സഹായിക്കേണ്ടതും നമ്മുടെ ചുമതലയാണ്.

**ദൈവജനം വിഷണ്ണമനസ്സുള്ളവരാകരുത്**

കർത്തൃജനം ഈ ജീവിതത്തിൽ മ്ലാനരായും, മുഖം കുനിച്ചവരായും, പാപത്തിൻ ദുഃഖത്തിൽ വിലപിക്കുന്നവരും ആയിരിക്കണം എന്നു പറയുന്നത് ചില നല്ല ആളുകൾക്ക് ലഭിച്ചിരിക്കുന്ന തെറ്റായ ഒരു ചിന്തയാണ്. സുവിശേഷ സന്തോഷം കേട്ടവർക്കെല്ലാം ആനന്ദിക്കുവാനുള്ള വകയുണ്ട്. "ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ അവർക്ക് ആശ്വാസം ലഭിക്കും" എന്നു കർത്താവ് പറഞ്ഞത്, യഹൂദയുഗത്തിൽ ന്യായപ്രമാണത്തിൻ കീഴിൽ ആയിരുന്നു – അത് എല്ലാ അപൂർണ്ണതകളെയും കുറ്റം വിധിച്ചു. ആയതിനാൽ നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവരും, നേരോടെ നടക്കുവാൻ ആഗ്രഹിക്കുന്നവരുമായ എല്ലാവരും ദൈവത്തിന്റെ സമ്പൂർണ്ണ നിയമത്തിന്റെ നിലവാരത്തിലേക്ക് വരുവാനുള്ള കഴിവില്ലായ്മ നിമിത്തം തങ്ങളുടെ പാപങ്ങളെ ഓർത്തു വിലപിക്കുന്നവരായിരുന്നു. ആയതിനാൽ ആ നിയമത്തിന്റെ വ്യവസ്ഥകൾക്കു കീഴിൽ നിത്യജീവൻ നേടാൻ അവർക്കു കഴിയാതെയും വന്നു (മത്താ. 5:4).

"ഈ മരണത്തിന് അധീനമായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും" (റോമർ 7:24) എന്നു അപ്പൊസ്തലൻ അലറിക്കരയുമ്പോൾ അദ്ദേഹം തന്നെക്കുറിച്ച് മാത്രമല്ല ന്യായപ്രമാണത്തിനു കീഴിൽ ഞരങ്ങി ജീവിക്കുന്ന സത്യസന്ധരായ മറ്റ് യിസ്രായേല്യരെയും കാണിക്കുന്നു. അദ്ദേഹം വിലപിക്കുകയായിരുന്നു. സീയോനിലെ വിലപിക്കുന്നവരോട്, നിങ്ങൾ പാപികളും അപൂർണ്ണരും ആയിരുന്നതിനാൽ ന്യായപ്രമാണത്തിനു കീഴിൽ ദൈവത്തിനു മുൻപിൽ അവർക്ക് സ്വയം ന്യായീകരിക്കാനാവാത്തതിനാൽ ദൈവം തന്നെ തന്റെ ജനത്തെ വീണ്ടെടുക്കുവാൻ ഒരു മറുവില കണ്ടെത്തിയിരിക്കുന്നു എന്നുള്ള ഉറപ്പു കൊണ്ട് ആശ്വസിപ്പിക്കുവാനാണ് ദൈവം പറഞ്ഞിരിക്കുന്നത്. ന്യായപ്രമാണത്തിനു കീഴിൽ വീണ്ടെടുപ്പിനു വേണ്ടി ഞരങ്ങിയും, ഈറ്റുനോവോടുകൂടിയും, കരഞ്ഞുകൊണ്ടുമിരിക്കുന്ന യഹൂദനായ അപ്പൊസ്തലൻ ഈ കാരണത്താലാണ് അടുത്ത ശ്വാസത്തിൽ തന്റെ വീണ്ടെടുപ്പ് കണ്ടെത്തിയ ക്രിസ്ത്യാനിയായിട്ട് സ്വയം അവതരിപ്പിക്കുന്നത് "നമ്മുടെ കർത്താവായ യേശു ക്രിസ്തു മുഖാന്തരം നമുക്ക് ജയം നൽകുന്ന ദൈവത്തിനു സ്തോത്രം" (1 കൊരി. 15:57). ജയം സ്വന്തമായിട്ടല്ല, മറിച്ച് പ്രാഥമികമായി ക്രിസ്തുവിന്റെ വിലയേറിയ രക്തം കൊണ്ട് കൈവന്നതാണെങ്കിൽത്തന്നെയും ജയാളികൾക്ക് വിലപിക്കാമോ? ഒരിക്കലുമില്ല. നല്ല ഉറപ്പും ധൈര്യവും ഉള്ളവരായി നമ്മുടെ ആത്മാവിന്റെ നങ്കൂരമായിരിക്കുന്ന പ്രത്യാശയാൽ - കർത്താവായ യേശു മൂലം ദൈവത്തിൽ നിന്നുള്ള കൃപയുടെ പ്രത്യാശ – മറ്റുള്ളവരെ പോലെ നാം ദുഃഖിക്കുവാനോ വിലപിക്കുവാനോ പാടില്ല.

സത്യത്തെ കൈക്കൊണ്ട കർത്തൃജനം ദുഷ്ടനിൽ നിന്നും, അവന്റെ ദാസന്മാരിൽ നിന്നുമുള്ള എതിർപ്പുകളോട് എപ്പോഴും ഏറ്റുമുട്ടണം, തിരുവെഴുത്തുകളിലെ ആശ്വാസവും സാന്ത്വനവും, ലോകത്തിനു നൽകുവാനും എടുക്കുവാനും കഴിയാത്ത സന്തോഷവും, സമാധാനവും അവർക്കു നൽകിയില്ലായെങ്കിൽ, അവർ ദുഃഖിതരായ ഒരു കൂട്ടം ആകുമായിരുന്നു. കർത്താവ് അവർക്ക് ഒരുക്കിയിരിക്കുന്ന അവസ്ഥകൾക്കു കീഴിൽ, അവർ നീതിക്കുവേണ്ടി എന്ത് ഭൗമികവസ്തുക്കൾ നഷ്ടപ്പെട്ടാലും കഷ്ടതയിലും സന്തോഷിക്കുന്നതിനും, സകലത്തിനും നന്ദി കരേറ്റുന്നതിനും ദൈവം അവർക്ക് അവകാശം നൽകിയിരിക്കുന്നു.

കഷ്ടതയിലും സന്തോഷിക്കുന്നതിന്റെ രഹസ്യം എന്താണ്? ഇതുപോലുള്ള വലിയ ആശ്വാസം എവിടെ നിന്നു ലഭിക്കും? അതു പരിശുദ്ധാത്മാവിനാൽ പ്രകാശിക്കപ്പെട്ടിട്ട് തിരുവെഴുത്തിലെ ആശ്വാസത്തിലൂടെ മാത്രമേ കൈവരികയുള്ളു. റാഹേലിന്റെ മക്കൾ മരിച്ചിരിക്കയാൽ ആശ്വസിക്കുവാൻ വിസമ്മതിക്കുന്ന റാഹേലിനു കർത്താവു നൽകുന്ന സന്ദേശം ഉദാഹരണമായി ശ്രദ്ധിക്കുക (യിരെ. 31:15-17). മരണമാകുന്ന മഹാശിക്ഷയിലൂടെ നഷ്ടം അനുഭവിക്കുന്ന ഏവർക്കുമുള്ള കർത്താവിന്റെ സന്ദേശം ആണിത്, "കരയാതെ നിന്റെ ശബ്ദവും, കണ്ണുനീർ വാർക്കാതെ നിന്റെ കണ്ണും അടക്കി കൊൾക... അവർ ശത്രുവിന്റെ ദേശത്തു നിന്നും മടങ്ങി വരും." മരിച്ചുപോയ തന്റെ മക്കളെ കുറിച്ച് ചിന്തിക്കുന്ന മാതാപിതാക്കളുടെ മുറിവേറ്റ ഹൃദയത്തിന് ഇത് സമാധാനവും, ആശ്വാസവും നൽകുമോ? തീർച്ചയായും, ഒരു തെറ്റും പറയാ

നാകാത്ത ശാന്തിയും, ആശ്വാസവും ആണ് അത് നൽകി തരുന്നത്. ദുഃഖിതരുടെ മുൻപിൽ പ്രത്യാശയും വിശ്വാസവുമായി രൂപം കൊള്ളുന്ന വിവിധ മിഥ്യകളും ഉണ്ട്. എങ്കിലും അവ ബലഹീനവും, തൊട്ടറിയാൻ കഴിയാത്തതും ദൈവവചനത്തിന്റെ അടിസ്ഥാനം ഇല്ലാത്തതുമാണ്. അതുകൊണ്ട് തന്നെ അവയ്ക്ക് പരീക്ഷാ കാലത്ത് യഥാർത്ഥ ആശ്വാസവും സമാധാനവും നൽകിത്തരുവാൻ ആകില്ല.

എന്നാൽ പുനരുത്ഥാനത്തെക്കുറിച്ച് ഉറപ്പു നൽകുന്ന കർത്താവിന്റെ ശബ്ദം കേൾക്കുമ്പോൾ, ശവക്കുഴി യഥാർത്ഥത്തിൽ ശത്രുവിന്റെ നാടാണെന്നും ഉറപ്പു നൽകുന്നു. കൂടാതെ നമ്മുടെ കൊച്ചുകുട്ടികൾ എന്നത്തെക്കാളും ജീവിച്ചിരിക്കുന്നു എന്നല്ല, യേശു ജയിക്കുകയും തന്റെ വിലയേറിയ രക്തത്താൽ ലോകത്തെ വീണ്ടെടുക്കുകയും ചെയ്തതിനാൽ ശത്രുവിന്റെ നാട്ടിൽ പോയാലും അവർ സുരക്ഷിതരാണ് എന്നും അത് നമുക്ക് ഉറപ്പ് നൽകുന്നു. തന്റെ കയ്യിൽ മരണത്തിന്റെയും പാതാളത്തിന്റെയും (ശവക്കുഴി, മരണാവസ്ഥ) താക്കോൽ ഉണ്ടെന്ന് യേശു പറയുന്നു (വെളി. 1:18). അധികം വൈകാതെ അവൻ മരണത്തിന്റെ തടവറയാകുന്ന ശവക്കുഴിയിലെ തടവുകാരെ ഉയർത്തും. അത്തരം മുറിവുകളാൽ രക്തം വാർക്കുന്ന ഹൃദയങ്ങൾക്ക് ആശ്രയത്തിന്റെയും, ആശ്വാസത്തിന്റെയും സന്ദേശമാണിത്.

“തിരുവെഴുത്തിലെ സകല ആശ്വാസവും.” ഈ രീതിയിൽ ഉള്ളവയാണ്. പാപത്തിന്റെയും മരണത്തിന്റെയും ഇപ്പോഴത്തെ വാഴ്ച എന്നന്നേക്കും ഉള്ളതല്ല എന്ന് ഇവ നമ്മെ കാണിച്ചു തരുന്നു. മഹാനായ വീണ്ടെടുപ്പുകാരന്റെ ബലിയുടെ ഫലത്താൽ ഒരു പുതിയ വ്യവസ്ഥാകാലം ആരംഭിക്കേണ്ടതാണ് എന്നും, ആ കാലത്ത് ഭൂമിയിലുള്ള സകല വംശങ്ങൾക്കും അനുഗ്രഹം ലഭിക്കയും, സഭയ്ക്ക് പ്രത്യേകമായ അനുഗ്രഹം കൈവരികയും ചെയ്യും. ഈ കാലത്ത് കർത്താവിന്റെ അറിവ് ലഭിച്ച ഇക്കാലത്തെ വിശ്വസ്തർ ലോകത്തെ അനുഗ്രഹിക്കുന്ന വേലയിൽ യേശുവിനോടുകൂടി രാജ്യത്തിൽ പങ്കാളികൾ ആകും. നിശ്ചയമായും ഇതൊരു ആശ്വാസകരമായ ഉറപ്പാണ്. ഇത് മഹത്തായ തിരഞ്ഞെടുപ്പ് വിളിയുടെ ഭാഗ്യം ലഭിച്ചവർക്ക് മാത്രമല്ല, അവരു വഴിയായി അവരുടെ സുഹൃത്തുക്കൾക്കും, അയൽവാസികൾക്കും സഹസ്രാബ്ദ രാജ്യത്തിൽ ഉയിർപ്പിക്കപ്പെടുവാനും അനുഗ്രഹം ലഭിക്കുവാനുമുള്ള അവസരമാണ്.

പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ കർത്തൃജനം ദുഃഖിക്കരുത്, എന്തുകൊണ്ടെന്നാൽ കർത്താവ് മരിക്കയും ഉയിർക്കയും ചെയ്തു എന്ന് നാം വിശ്വസിക്കുന്നുണ്ട് എങ്കിൽ, തിരുവെഴുത്തിൽ എഴുതിയിരിക്കുന്നത് നമുക്ക് വിശ്വസിക്കാം, തന്റെ ബലി നമുക്ക് വേണ്ടിയാണ്, മുഴുലോകത്തിനും കൂടി വേണ്ടിയായിരുന്നു – അതിനാൽ യേശുവിൽ മരിച്ചവരെ ദൈവം യേശുവിലൂടെ മരണത്തിൽ നിന്നും പുറത്തു കൊണ്ടു വരുന്നു എന്നു അപ്പൊസ്തലൻ പറയുന്നു (1 തെസ്സ. 4:13,14). ആദാമിൽ മരിച്ച എല്ലാവർക്കും മറുവില നൽകിയിരിക്കുന്നു, ആയതിനാൽ മരണശിക്ഷ അസാധുവായിരിക്കുന്നുവെന്നും, ദൈവത്തിന്റെ നന്മയെക്കുറിച്ച് അറിയുവാനും, അനുസരണത്തോടെ അവിടുത്തെ കൃപ സ്വീകരിക്കുവാനും ഉള്ള അവസരത്തിനായി സഹസ്രാബ്ദപുലരിയിൽ ഉണരുവാൻ വേണ്ടി ഇപ്പോൾ അവർ നിദ്രകൊള്ളുന്നു എന്നുമുള്ള ചിന്ത എത്ര ആശ്വാസദായകമാണ്, എത്ര അനുഗ്രഹീതമാണ്.

സഭയുടെ ആശ്വാസവും സമാധാനവും ആശ്രയപ്പെട്ടിരിക്കുന്നത് വിവിധ അംഗങ്ങളിലുള്ള കർത്താവിന്റെ ആത്മാവിന്റെ ഐക്യത്തിലാണ് എന്നത് അപ്പൊസ്തലന്റെ ചില പ്രസ്താവനയിലൂടെ സൂചിപ്പിക്കുന്നു എന്ന് ആത്യന്തികമായി നമ്മുടെ ശ്രദ്ധയിലേക്ക് വരുന്നു. നാം ഇത് നമ്മുടെ അനുഭവത്തിൽ ശ്രദ്ധയോടെ കുറിച്ച് വെക്കേണ്ടതാണ്. അദ്ദേഹം പറയുന്നു, “തീർച്ചയായും ഒടുവിൽ സഹോദരന്മാരെ, സന്തോഷിപ്പിൻ, യഥാസ്ഥാനപ്പെടുവിൻ, ആശ്വസിച്ചുകൊൾവിൻ, ഏകമനസ്സുള്ളവരാകുവിൻ, സമാധാനത്തോടെ ഇരിപ്പിൻ; എന്നാൽ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദൈവം നിങ്ങളോടുകൂടെ ഇരിക്കും.” (2 കൊരി. 13:11). വീണ്ടും (ഫിലി. 2:1,2), “ക്രിസ്തുവിൽ വല്ല പ്രബോധനവും ഉണ്ടെങ്കിൽ, സ്നേഹത്തിന്റെ വല്ല ആശ്വാസവും ഉണ്ടെങ്കിൽ, ആത്മാവിന്റെ വല്ല കൂട്ടായ്മയും ഉണ്ടെങ്കിൽ, വല്ല ആർദ്രതയും [ആർദ്രതയെ മൃദുലമായ വികാരങ്ങളുടെ ഇരിപ്പിടമായി കണക്കാക്കി] മനസ്സലിവും ഉണ്ടെങ്കിൽ നിങ്ങൾ ഏകമനസ്സുള്ളവരായി ഏകസ്നേഹം പൂണ്ടു ഐകമത്യപ്പെട്ടു ഏകഭാവമുള്ളവരായി ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ.

ഇത് ഐക്യത്തിന്റെയും, സമാധാനത്തിന്റെയും, സാഹോദര്യത്തിന്റെയും, കരുണയുടെയും

എത്ര നല്ല ഉപദേശങ്ങൾ ആണ്! ആത്മാവ് എല്ലാവരിലും പെരുകി, ശരിയായ പാതയിൽ കഴിയുന്നത്ര പുരോഗതി കൈവരിക്കുവാൻ തക്കവണ്ണം സഭയിൽ ഓരോരുത്തർക്കും ക്ഷമയും, സഹിഷ്ണുതയും, വിനയവും, സഹായവും നിർദ്ദേശിക്കുവാൻ അങ്ങനെ അവർക്കു കഴിയും. ബർന്നബാസ് എന്ന പേരിന് – സഹോദരങ്ങളുടെ ആശ്വാസദായകൻ – സഹോദരന്മാരെ സഹോദരികളെ നമുക്ക് കൂടുതൽ കൂടുതൽ യോഗ്യരായി മാറാം. കർത്താവിനു സന്തോഷകരമായ ഒന്നായതിനാൽ നമ്മിൽ പരിശുദ്ധാത്മാവ് സമൃദ്ധമാകുന്നതിന് അധികം അധികം ശ്രമിക്കാം. അവ നമ്മിൽ ധാരാളമായി വസിച്ചുകൊണ്ട് പിതാവിന്റെ പ്രതിനിധികളും, പരിശുദ്ധാത്മാവിന്റെയും സത്യത്തിന്റെയും മാർഗ്ഗങ്ങളായി സീയോന്റെ ആശ്വാസദായകരായ പുത്രന്മാരും പുത്രിമാരും ആയിരിക്കാം.




# മൂന്നു മഹാ ഉടമ്പടികൾ
## THE THREE GREAT COVENANTS

**ഒരു** ഉടമ്പടിയിൽ ഏകപക്ഷീയമായോ നിരുപാധികമായോ ഒരു കക്ഷി മാത്രം ബാദ്ധ്യസ്ഥനാകുന്നതോ അഥവാ രണ്ടുപക്ഷമായോ സോപാധികമായോ ഇരു കക്ഷികളും ബാദ്ധ്യസ്ഥരാകുന്നതോ ആയ വാഗ്ദാനങ്ങൾ അടങ്ങിയിരിക്കുന്നു. എന്നിരുന്നാലും ഇവയിൽ മൂന്ന് ഉടമ്പടികൾ വളരെ പ്രാധാന്യമർഹിക്കുന്നു, കാരണം അവയിൽ മനുഷ്യരാശിയുടെ എല്ലാ മികച്ച താത്പര്യങ്ങളും ബന്ധിപ്പിച്ചിരിക്കുന്നു.

**അബ്രഹാമ്യ ഉടമ്പടി**
**ന്യായപ്രമാണ ഉടമ്പടി**
**പുതിയ ഉടമ്പടി**

**അബ്രഹാമ്യ ഉടമ്പടി**

1. ദൈവത്തിനു അബ്രഹാമിനോടുള്ള ഉടമ്പടി
ഒരു നിരുപാധിക ഉടമ്പടി
(ഗലാ. 3:16,29)

### അബ്രഹാമ്യ ഉടമ്പടി

1. *ദൈവം അബ്രഹാമിനോടു ചെയ്ത ഉടമ്പടി.* നിരുപാധികമായ ഈ ഉടമ്പടി അബ്രഹാമിന്റെ സ്വാഭാവിക, ജഡിക സന്തതിപരമ്പരകൾക്കും, ശേഷിക്കുന്ന ഭൗമിക സന്തതികൾക്കും കൂടാതെ "ക്രിസ്തു" ആകുന്ന ഉയർന്നതലത്തിലുള്ള ആത്മീയ സന്തതികൾക്കും ഉള്ള അനുഗ്രഹം ഉൾക്കൊള്ളുന്നതാണ്. "ക്രിസ്തുവിനുള്ളവൻ എങ്കിലോ നിങ്ങൾ അബ്രഹാമിന്റെ സന്തതിയും വാഗ്ദത്തപ്രകാരം അവകാശികളും ആകുന്നു" (ഗലാ. 3:16,29). ഈ ആശയം നമ്മുടെ മനസ്സിൽ ഉണ്ടെങ്കിൽ, ഈ ഉടമ്പടിയുടെ പൂർണ്ണ അർത്ഥം മനസിലാക്കുവാൻ ഇതു നമ്മെ സഹായിക്കും. തന്റെ പിതാവിന്റെ മരണശേഷം അബ്രഹാം കനാൻ ദേശത്തു പ്രവേശിച്ചപ്പോൾ ആണ് ദൈവം ആദ്യമായി അബ്രഹാമിനോടു ഉടമ്പടി ചെയ്തത് (ഉല്പ. 12:1-5). ആത്മീയമോ, സ്വർഗ്ഗീയമോ, അതായത് മാനുഷികമോ, ഭൗമികമോ ആയ ഇരുവിധ സന്തതികളെ പ്രതിപാദിക്കുന്ന ആണയാൽ ഉറപ്പിക്കപ്പെട്ട ഉടമ്പടിയാൽ (ഉല്പ. 22:16-18) അതു വീണ്ടും ഉറപ്പിച്ചു ലഭിക്കുകയും വിശദമാക്കപ്പെടുകയും ചെയ്തു.

ആത്മീയ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾ എന്നു വിളിച്ചു. യേശു സ്വയം തന്നെ "ശുഭ്രമായ ഉദയ നക്ഷത്രം" എന്നു വിളിക്കുന്നു (വെളി. 22:16). ആത്മീയ സന്തതിയിൽ ശേഷിക്കുന്ന, ആത്മീയമായി തിരഞ്ഞെടുക്കപ്പെട്ടവർ അവന്റെ കീഴിൽ വരുന്ന നക്ഷത്രങ്ങളാണ്. ദേശങ്ങളുടെയും മനുഷ്യരുടെയും വിധി നക്ഷത്രങ്ങൾ നിയന്ത്രിച്ചിരുന്നു എന്നു വിശ്വസിച്ചുകൊണ്ട് അന്ധവിശ്വാസ ആരാധനയോടെ അവർ നോക്കിക്കൊണ്ടിരുന്ന നക്ഷത്രങ്ങൾക്ക് പണ്ടത്തെ മനുഷ്യർക്കിടയിൽ വലിയ സ്ഥാനവും അർത്ഥവും ഉണ്ടായിരുന്നു എന്നു തോന്നുന്നു. ആയതിനാൽ നക്ഷത്രങ്ങളാൽ പ്രതിനിധാനം ചെയ്യപ്പെട്ടിരിക്കുന്ന ഉടമ്പടിയിലെ സന്തതികളുടെ ഈ ഭാഗം സ്വർഗ്ഗീയ

അധികാരികളെ – പ്രത്യേകമായും ക്രിസ്തുവിനെയും സഭയേയും കാണിക്കുന്നു. ഭൗമിക സന്തതിയെ "കടൽക്കരയിലെ മണൽ" എന്നുമാണ് പറഞ്ഞിരിക്കുന്നത് (ഉല്പ. 22:17). നക്ഷത്രങ്ങൾ, ഉടമ്പടിയിൻ കീഴിൽ വികാസം പ്രാപിച്ച സ്വർഗ്ഗീയ ജനതയെ പ്രതിനിധീകരിക്കുന്നതു പോലെ, മണൽ ഉടമ്പടിയിൻ കീഴിൽ വികാസം പ്രാപിച്ച ഭൗമീക ജനതയേയും പ്രതിനിധീകരിക്കുന്നു.

നമുക്ക് ഈ ഉടമ്പടി വായിക്കാം, അങ്ങനെ ഇതിൽ ഈ രണ്ടു ഘടകങ്ങളും ഉണ്ടെന്നു കാണുകയും സ്വാഭാവികവും ആത്മീയവുമായ ഇരുവിഭാഗങ്ങളും ഉണ്ടെന്നു മനസിലാക്കുകയും ചെയ്യാം (ഉല്പ. 12:2,3; 13:14-16; 15:5,18; 22:16-18; 26:3,4; 28:13,14). ഈ ഉടമ്പടിയിൽ പരാമർശിച്ചിരിക്കുന്ന "സന്തതി" ക്രിസ്തുവും സഭയും ആണെന്നു അപ്പൊസ്തലനായ പൗലൊസ് നമുക്ക് ഉറപ്പിച്ചു തരുന്നു (ഗലാ. 3:16,29). യേശുവിനോടു കൂടെ ആത്മീയ സന്തതിയായി ഇരിക്കുവാനുള്ള അവകാശമാകുന്ന ആത്മീയഭാഗം ജഡിക യിസ്രായേലിനു നഷ്ടമായി. അതായത് ഉടമ്പടിയുടെ ഏറ്റവും ഉത്തമാംശമായ, ആഗ്രഹിക്കത്തക്കവിധമായ ഭാഗം നഷ്ടമായി (മത്താ. 21:43). അദ്ദേഹം ഇപ്രകാരം വിശദീകരിക്കുന്നു (റോമ. 11:7): "യിസ്രായേൽ താൻ തിരഞ്ഞതു പ്രാപിച്ചില്ല; തിരഞ്ഞെടുക്കപ്പെട്ടവർ അതു പ്രാപിച്ചു; ശേഷമുള്ളവരോ കഠിനപ്പെട്ടിരിക്കുന്നു.

എന്നാൽ ഏറ്റവും ഉത്തമമായ ഭാഗം അവർ നഷ്ടപ്പെടുത്തി എന്നു കരുതി ഉടമ്പടിയുടെ ഒരു ഭാഗമാകുവാനുള്ള അവകാശത്തിൽ നിന്നു പൂർണ്ണമായി അവർ മാറ്റപ്പെട്ടിട്ടില്ല. "സഹോദരന്മാരേ [ജാതികളിലെ], നിങ്ങൾ ബുദ്ധിമാന്മാരെന്നു നിങ്ങൾക്കുതന്നെ തോന്നാതിരിപ്പാൻ [ദൈവത്തിന്റെ കൃപയും ഉടമ്പടിയും മുഴുവൻ അവരിൽ നിന്നും എടുത്ത് നിങ്ങൾക്കു തന്നിരിക്കുന്നു എന്നു തോന്നാതിരിപ്പാൻ] ഈ രഹസ്യം അറിയാതിരിക്കരുതു എന്നു ഞാൻ ആഗ്രഹിക്കുന്നു; ജാതികളുടെ പൂർണ്ണസംഖ്യ ചേരുവോളം യിസ്രായേലിനു അംശമായി കാഠിന്യം ഭവിച്ചിരിക്കുന്നു [ജാതികളിൽ നിന്നു തിരഞ്ഞെടുത്തിരിക്കുന്ന സഭ, മണവാട്ടിയുടെ (അപ്പൊ. 15:13-18) അംഗങ്ങൾ പരീക്ഷണാർത്ഥത്തിൽ പൂർത്തീകരിക്കപ്പെടുന്നതുവരെ]. ഇങ്ങനെ യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും [അവരുടെ അന്ധതയിൽ നിന്നും, കാഠിന്യത്തിൽ നിന്നും]; 'വിടുവിക്കുന്നവൻ സീയോനിൽ നിന്നു വരും; അവൻ യാക്കോബിൽ നിന്നു അഭക്തിയെ മാറ്റും. ഞാൻ അവരുടെ പാപങ്ങളെ നീക്കുമ്പോൾ ഇതു ഞാൻ അവരോടു ചെയ്യുന്ന നിയമം' എന്നു എഴുതിയിരിക്കുന്നു" (റോമ. 11:25-27, Diaglot).

കുറേ നൂറ്റാണ്ടുകളോളം അവരെ ശത്രുക്കളും സുവിശേഷത്തിനു അന്ധരായിരിക്കുന്നവരും എന്നു എണ്ണിയിരുന്നുവെങ്കിലും, അവർ ഇപ്പോഴും "പിതാക്കന്മാർ നിമിത്തം പ്രിയന്മാർ. ദൈവം തന്റെ കൃപാവരങ്ങളെയും വിളിയെയും കുറിച്ച് അനുതപിക്കുന്നില്ലല്ലോ (വാക്യം 28,29). ആത്മീയ ജീവികൾക്കു ആത്മീയ അനുഗ്രഹങ്ങൾ എന്നപോലെ ഈ ഭൗമീക അനുഗ്രഹങ്ങളും [മനുഷ്യരാശിക്ക്] ഉറപ്പായിട്ടുള്ളതാണ്, എന്തുകൊണ്ടെന്നാൽ ദൈവം അങ്ങനെ വാഗ്ദത്തം ചെയ്തിരിക്കുന്നു, ഉടമ്പടി ചെയ്തിരിക്കുന്നു. അതിനു മാറ്റമില്ല. അവരുടെ "ഇരട്ടി" (യെശ. 40:1,2; യിരെ. 16:18) അകൃത്യം 1878 ൽ തീർന്നിരിക്കയാൽ അവരുടെ അന്ധത മാറിക്കൊണ്ടിരിക്കുകയാണ് (യഹൂദ പ്രത്യാശകളും പ്രതീക്ഷകളും, എന്ന ഞങ്ങളുടെ ലഘുലേഖ വായിക്കുക).

ഭൗമീക സന്തതിയോടൊപ്പം ഭൂമിയിലെ സകല കുടുംബങ്ങളെയും അനുഗ്രഹിക്കുന്നതിനുള്ള ഉപകരണങ്ങളായി മാറ്റേണ്ടതിനു ആത്മീയ സന്തതിയെ വളർത്തിയെടുക്കാൻ സ്വാഭാവിക സന്തതിയെ ഒരു കാലത്തേക്കു എങ്ങനെ മാറ്റിവെച്ചു എന്നതിലൂടെ ദൈവത്തിന്റെ പദ്ധതിയുടെയും ക്രമീകരണത്തിന്റെയും വീതിയും മഹത്വവും നാം കാണുന്നു. "വിടുവിക്കുന്നവൻ [യേശുവും സഭയും] സീയോനിൽ നിന്നു [നാമധേയ യിസ്രായേൽ - ജഡീകവും ആത്മീയവും] വരും, യാക്കോബിൽ നിന്നു [ജഡീക യിസ്രായേലിൽ നിന്നു] അഭക്തിയെ മാറ്റുമ്പോൾ" (വാക്യം 26 കാണുക) നിങ്ങൾക്കു (ആത്മീയ സന്തതിക്ക്) ലഭിച്ച കരുണയാൽ അവർക്ക് (ജഡിയ യിസ്രായേലിനു) കരുണ ലഭിക്കും (വാക്യം 31,32). നാം ഇതു മനസിലാക്കുമ്പോൾ, അബ്രഹാമിനോടുള്ള ഉടമ്പടിയുടെ പൂർണ്ണത നാം തിരിച്ചറിയും. അബ്രഹാമിന്റെ സന്തതി ശക്തിയുള്ളതും തങ്ങളുടെ ശത്രുക്കളുടെ കോട്ടകളെ [അവർ സാത്താനെയും, പാപത്തെയും, തിന്മയെയും, സ്വാർത്ഥതയെയും, ലോകമയത്വത്തെയും പിടിച്ചടക്കും] കൈവശമാക്കുന്നതും "ഭൂമിയിലെ സകല ഗോത്രങ്ങളെയും അനുഗ്രഹിക്കുവാൻ" കഴിയുന്നത്ര എല്ലാവരിലും ഉയർന്നതും ആയിരിക്കും എന്നു ദൈവം വാഗ്ദത്തം ചെയ്തതിലൂടെ എന്താണ് അവർ അർത്ഥമാക്കിയത് എന്നു ഇതു വ്യക്തമാക്കുന്നു. "ഹാ ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നി

വയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു. കർത്താവിന്റെ മനസ്സ് അറിഞ്ഞവൻ ആർ? അവനു മന്ത്രിയായിരുന്നവൻ ആർ? (വാക്യം 23,24).

## ന്യായപ്രമാണ ഉടമ്പടി

> **ന്യായപ്രമാണ ഉടമ്പടി**
>
> 2. ന്യായപ്രമാണ ഉടമ്പടി സോപാധികവും ദ്വിപക്ഷീയവും ആണ് – ഇരുവിഭാഗങ്ങളായ ദൈവവും യിസ്രായേലും തമ്മിലുള്ളതാണ് (ആവ. 5:1-3)

2. *ന്യായപ്രമാണ ഉടമ്പടി.* ഈ ഉടമ്പടി സോപാധികവും ദ്വിപക്ഷീയവും അതായത് രണ്ടുകക്ഷികൾ ചേർന്നുള്ളതും ആയതിനാൽ തന്നെ അബ്രഹാമ്യ ഉടമ്പടിയിൽ നിന്നു വ്യത്യസ്തമാണ്. അതു ദൈവവും യിസ്രായേലും തമ്മിലുള്ളതാണ്. അതിന്റെ ക്രമീകരണങ്ങൾ അനുസരിച്ച് യിസ്രായേൽ ചില കാര്യങ്ങൾ ചെയ്താൽ ദൈവം മറ്റു ചില കാര്യങ്ങൾ ചെയ്യുവാൻ ബാധ്യസ്ഥനാണ്.

3. 'ന്യായപ്രമാണത്തെ' ഉടമ്പടി എന്നാണ് വിളിക്കുന്നത് (1 രാജാ. 8:21; ഗലാ. 4:24 താരതമ്യം ചെയ്യുക). ഇത് ഒരു മദ്ധ്യസ്ഥന്റെ കീഴിലാണ് നിയമിക്കപ്പെട്ടിരിക്കുന്നത് (മോശെ – ആവ. 5:5; ഗലാ. 3:19 താരതമ്യം ചെയ്യുക). അതിന്റെ പൂർത്തീകരണത്തിനു ഇരു പക്ഷങ്ങൾ തമ്മിലുള്ള വ്യവസ്ഥകൾ കൂട്ടികെട്ടപ്പെടേണ്ടതാണ് എന്നു ഇതു തെളിയിക്കുന്നു; കാരണം "ഒരുത്തൻ മാത്രം എങ്കിൽ മദ്ധ്യസ്ഥൻ വേണ്ടി വരികയില്ല" (ഗലാ. 3:20) എന്നു പറഞ്ഞാൽ അബ്രഹാമ്യ ഉടമ്പടിയിലേതുപോലെ ഒരു കക്ഷി മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിൽ ഒരു മദ്ധ്യസ്ഥന്റെ ആവശ്യം ഉണ്ടാകുമായിരുന്നില്ല.

ന്യായപ്രമാണം ഒന്നാമത്തെ ഉടമ്പടിയുടെ ഭാഗമായിരുന്നില്ല എന്നു മാത്രമല്ല. അതു ലോകത്തിലെ ജനത്തോടു ഉള്ള ഉടമ്പടി ആയിരുന്നില്ല മറിച്ച് ജഡീക യിസ്രായേലിനു വേണ്ടി മാത്രമുള്ളതായിരുന്നു – "മോശെ എല്ലാ യിസ്രായേലിനോടും വിളിച്ചു പറഞ്ഞത് എന്തെന്നാൽ: യിസ്രായേലേ... നമ്മുടെ ദൈവവമായ യഹോവ ഹോരേബിൽ വച്ചു നമ്മോടൊരു നിയമം ചെയ്തുവല്ലോ. ഈ നിയമം യഹോവ നമ്മുടെ പിതാക്കന്മാരോടല്ല, നമ്മോട്, ഇന്ന് ഇവിടെ ജീവനോടിരിക്കുന്ന നമ്മോടൊക്കെയും തന്നെ ചെയ്തത്" (ആവ. 5:1-3).

പത്തു കൽപനകൾ പ്രത്യേകമായും, കൂടാതെ ന്യായപ്രമാണത്തിന്റെ ബാക്കിയും ഈ ഉടമ്പടിയുടെ ഭാഗമായി എന്നുള്ളത് ആവ. 5 വായിക്കുമ്പോൾ വ്യക്തമാകുന്നു. ഈ ന്യായപ്രമാണ ഉടമ്പടി യിസ്രായേലിനു ഒരു അനുഗ്രഹമായി ഒരുക്കപ്പെട്ടിരുന്നു എന്നു കാണപ്പെട്ടിരുന്നെങ്കിലും അതിന്റെ കീഴിൽ വന്നപ്പോൾ അവർ സ്വയം കുറ്റംവിധിക്കപ്പെട്ടു; എന്തുകൊണ്ടെന്നാൽ "ന്യായപ്രമാണ പുസ്തകത്തിൽ എഴുതിയിരിക്കുന്നതൊക്കെയും ചെയ് വാൻ തക്കവണ്ണം അതിൽ നിലനിൽക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്നു എഴുതിയിരിക്കുന്നുവല്ലോ" (ഗലാ. 3:10). അതുകൊണ്ട് ഈ ഉടമ്പടിയിലൂടെ അവർക്കു ജീവൻ ലഭിക്കണം എന്നു ദൈവം ഒരിക്കലും ഉദ്ദേശിച്ചിരുന്നില്ല, എന്തുകൊണ്ടെന്നാൽ "ന്യായപ്രമാണത്തിന്റെ പ്രവർത്തികളാൽ ഒരു ജഡവും നീതീകരിക്കപ്പെടുകയില്ലല്ലോ" (ഗലാ. 2:16).

അങ്ങനെയെങ്കിൽ ഈ ഉടമ്പടിയുടെ ഉദ്ദേശ്യം എന്തായിരുന്നു? അതിനു രണ്ട് ഉദ്ദേശ്യങ്ങൾ ഉണ്ടായിരുന്നു: (1) വീഴ്ച ഭവിച്ച സൃഷ്ടി എന്ന നിലയിൽ പ്രാകൃത മനുഷ്യനു ദൈവവുമായി പൊരുത്തപ്പെട്ടിരിപ്പാൻ കഴിയുകയില്ല എന്ന് അത് ബോധ്യപ്പെടുത്തി, (2) ദൈവത്തിന്റെ ഈ പൂർണ്ണമായ നിയമത്തെ ഒരു മനുഷ്യനു മാത്രമേ പാലിക്കുവാനാകൂ എന്നും, യേശു അതു പാലിച്ചു എന്നും അതു തെളിയിച്ചു. അങ്ങനെ അവൻ നിയമപരമായും കൃപയാലും രണ്ട് ഉടമ്പടികളിലെയും എല്ലാ വ്യവസ്ഥകൾക്കും അവകാശിയായി.

കൂടാതെ ന്യായപ്രമാണം "ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതും ദൂതന്മാർ മുഖാന്തരം മദ്ധ്യസ്ഥന്റെ കൈയ്യിൽ ഏൽപ്പിച്ചതുമത്രെ" (ഗലാ. 3:19, Diaglott). ദൈവം ഏറ്റവും യോഗ്യമായ സമയം അറിയുന്നു, "തക്ക സമയത്ത് അവൻ തന്റെ പുത്രനെ അയച്ചു". ന്യായപ്രമാണം അതിനു മുൻപു നൽകപ്പെട്ടു. എന്തുകൊണ്ടെന്നാൽ അബ്രഹാമിനോടു ചെയ്ത ഉടമ്പടിയിൽ പരാമർശിച്ചിരിക്കുന്ന അബ്രഹാമ്യ സന്തതിയുടെ വളർച്ചയുടെ സമയമായ "സുവിശേഷയുഗം" ആരംഭിച്ചിട്ടുണ്ടായിരുന്നില്ല; കൂടാതെ മറ്റു ദേശങ്ങളെപ്പോലെ യിസ്രായേലും അധഃപതിച്ചു പോകാതിരിക്കുവാനും, അവരുടെ ജഡീക സ്വഭാവത്തെ നിയന്ത്രിക്കുവാനും അവരെ ആത്മനിയന്ത്രണം പഠിപ്പിക്കുവാനുമാണ് ന്യായപ്രമാണത്താൽ ഉദ്ദേശിച്ചത്. അതോടൊപ്പം അത് അവരുടെ സ്വന്ത ബലഹീനതയെ ചൂണ്ടിക്കാണിച്ചുകൊണ്ട്, ന്യായപ്രമാണം കുറ്റം വിധിക്കുന്ന

കാര്യങ്ങളിൽ നിന്നും തങ്ങളെ നീതീകരിക്കുവാൻ തക്കവണ്ണം യേശുക്രിസ്തുവിനെ സ്വീകരിക്കുവാൻ തങ്ങളെ ഒരുക്കേണ്ടതിനു ഒരു "ശിശുപാലകൻ" ആകേണ്ടതിനുമായിരുന്നു (ഗലാ. 3:24). ഇത് ചില വ്യക്തികളിൽ ഈ വേല നിർവ്വഹിച്ചു. സന്തതി മുന്നോട്ടു വരേണ്ട സമയമായപ്പോൾ യേശുവിനെ സ്വീകരിക്കുവാൻ അതു ചിലരെ തയ്യാറാക്കി (യോഹ. 1:12). കൂടാതെ ന്യായപ്രമാണം അബ്രഹാമ്യ ഉടമ്പടിയുടെ നിഴലല്ല, നാം ക്രിസ്തുവിന്റെ സഹസ്രാബ്ദ മാദ്ധ്യസ്ഥ വാഴ്ചയിൽ കാണുവാനിരിക്കുന്ന പുതിയ ഉടമ്പടിയുടെ പ്രവർത്തനങ്ങളെയും വ്യവസ്ഥകളെയും കാണിക്കുവാനുള്ള ഒരു നിഴലായിരുന്നു.

ഗലാ. 4:23-31 വരെയുള്ള ഭാഗങ്ങളിൽ വ്യക്തമായി പഠിപ്പിച്ചിരിക്കുന്ന സാറായിൻ [രാജകുമാരി] സവിശേഷതകളിലേക്കു കൂട്ടിച്ചേർക്കപ്പെടുന്ന ഹാഗാറിനാൽ [പാലായനം] നിഴലിക്കപ്പെട്ടതാണ് ന്യായപ്രമാണ ഉടമ്പടി എന്നു ഓർമ്മിക്കണം. യഥാർത്ഥ അബ്രഹാമ്യ ഉടമ്പടിയുടെ (2045 BC) ആണയാൽ ഉറപ്പിക്കപ്പെടാതെ ചെയ്ത ആദ്യ വാഗ്ദത്തമായ സന്തതിയുടെ വാഗ്ദത്തം ന്യായപ്രമാണത്തിനു (1615 BC) 430 വർഷങ്ങൾ മുൻപ് ആയിരുന്നു, അതിനാൽ ഹാഗാറിനെ വെപ്പാട്ടിയായി സ്വീകരിക്കുന്നതിനു മുൻപ് സാറാ അബ്രഹാമിന്റെ യഥാർത്ഥ ഭാര്യ ആയിരുന്നു എന്ന വസ്തുത ഇതിലൂടെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ സാറാ ഗർഭം ധരിക്കുന്നതിനു മുൻപ് വെപ്പാട്ടി ഒരു പുത്രനെ ഗർഭം ധരിച്ചതുപോലെ പൊരുളിലെ സാറാ ആത്മീയ യിസ്രായേലിനെ വികസിപ്പിക്കുന്നതിനു മുൻപ് ന്യായപ്രമാണ ഉടമ്പടി ജഡീക യിസ്രായേലിനെ വികസിപ്പിച്ചു (PT' 27, p. 114).

### പുതിയ ഉടമ്പടി

> **പുതിയ ഉടമ്പടി**
>
> 3. ഈ ഉടമ്പടി സോപാധികമാണ് ദൈവവും മനുഷ്യരും ആകുന്ന രണ്ട് കക്ഷികൾ തമ്മിലുള്ളതാണ്
> (1 തിമൊ. 2:5)

3. *പുതിയ ഉടമ്പടി.* ബൈബിളിൽ ഈ ഉടമ്പടിയെക്കുറിച്ച് ആവർത്തിച്ചു പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഈ ഉടമ്പടി വാഗ്ദത്ത "സന്തതിയായ" സഭയോടുള്ളതാണ് എന്നു തെറ്റായി വ്യാഖ്യാനിക്കരുത്. അബ്രഹാമിനു കൊടുത്ത ആണയാൽ ഉറപ്പിക്കപ്പെട്ട ഉടമ്പടിയുടെ സാറായിൻ സവിശേഷതകൾക്കു കീഴിൽ വികാസം പ്രാപിച്ചവരാണ് സഭ (ഗലാ. 4:22-31). അപ്പൊ. 3:25 ൽ യിസ്രായേലിൽ നിന്നും ശേഖരിക്കപ്പെട്ട ഭാവിയിലെ സഭയെ "ഭൂമിയിലെ സകല വംശങ്ങളും നിന്റെ സന്തതി മൂലം അനുഗ്രഹിക്കപ്പെടും, എന്നു ദൈവം അബ്രഹാമിനോടു അരുളി നിങ്ങളുടെ പിതാക്കന്മാരോടു ചെയ്ത നിയമത്തിന്റെയും പ്രവാചകന്മാരുടെയും മക്കൾ നിങ്ങൾ തന്നെ എന്നു വിളിച്ചിരിക്കുന്നു.

ശിരസ്സായ ക്രിസ്തു പുതിയ ഉടമ്പടിയിൻ കീഴിൽ വികാസം പ്രാപിച്ചതായിരുന്നില്ല. തീർച്ചയായും ശിരസ്സ് ഒരു മാതാവിൽ നിന്നും ശരീരം മറ്റൊരു മാതാവിൽ നിന്നും ഉളവാകുകയില്ലാത്തതുപോലെ അവന്റെ ശരീരമാകുന്ന സഭയും പുതിയ ഉടമ്പടിയിൻ കീഴിൽ ഉളവായതല്ല! ആണയാൽ ഉറപ്പിക്കപ്പെട്ട ഉടമ്പടിയിലെ സാറായിൻ വിശേഷലക്ഷണങ്ങളും പുതിയ ഉടമ്പടിയും ഒന്നല്ലാത്തതുപോലെ തന്നെ, സഭയുമായുള്ള പുതിയ ഉടമ്പടിയും അങ്ങനെയല്ല. ആത്മീയ സന്തതി പൂർണ്ണമായും വികാസം പ്രാപിക്കുന്നതുവരെ മാത്രമല്ല പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥൻ എന്ന നിലയിൽ അതിന്റെ സഹസ്രാബ്ദ ഔദ്യോഗികാംഗീകാരങ്ങൾ കൈവശപ്പെടുത്തുകയും ചെയ്യുന്നതുവരെ അതു പ്രവർത്തനക്ഷമമാവുകയില്ല.

ന്യായപ്രമാണ ഉടമ്പടി പുതിയ നിയമത്തിന്റെ നിഴലോ അഥവാ മാതൃകയോ ആയിരുന്നതുപോലെ ദൈവവും യിസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങൾ പ്രതിനിധാനം ചെയ്യുന്ന ജഡീയ മനുഷ്യനും തമ്മിലുള്ളതുതന്നെയാണ് പുതിയ നിയമവും (യിരെ. 31:31-34). ഈ ഉടമ്പടി രണ്ട് കക്ഷികൾ ("ദൈവവും മനുഷ്യനും", 1 തിമൊ. 2:5) തമ്മിലുള്ളത് ആണെങ്കിൽ അതുകൊണ്ടുതന്നെ രണ്ടുപേർക്കും ബാധകമായിരിക്കുന്ന വ്യവസ്ഥകൾ അതിലടങ്ങിയിരിക്കും. രണ്ടു പക്ഷത്തിന്റെയും വ്യവസ്ഥകളെ നിറവേറ്റുന്നതിനു ബാദ്ധ്യസ്ഥനായി ഒരു മദ്ധ്യസ്ഥനും (നിഴലിലേതുപോലെ) ഉണ്ടായിരിക്കും.

അങ്ങനെയെങ്കിൽ പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥൻ ആരായിരിക്കും? അപ്പൊസ്തലനായ പൗലൊസ്: "പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനായ യേശു" (എബ്രാ. 12:24) എന്നു ഉത്തരം നൽകുന്നു. അതെ, നമ്മുടെ ശിരസ്സായ യേശുവിനു മാത്രമെ, ദൈവത്തിന്റെ നീതിയുള്ള നിയമത്തിനു കീഴിൽ നി

രപരാധിയായി ഇരിക്കുവാൻ കഴിയൂ. അവനിൽ ദൈവം പാപികളിൽ നിന്നു വേർപെട്ട തന്റെ വിശുദ്ധനായ പുത്രനെ കാണുന്നു. ഒരിക്കൽ "വ്യസനപാത്രവും രോഗം ശീലിച്ചവനുമായിരുന്ന ദൈവകൃപയാൽ എല്ലാവർക്കും വേണ്ടി മരണം ആസ്വദിച്ച്", എന്നാൽ ഇപ്പോൾ വിശ്വസ്തനായ മഹാപുരോഹിതനായി ഉയർത്തപ്പെട്ടവനായ, വീഴ്ച ഭവിച്ചവരോടു അനുതാപം കാണിക്കുവാനും അവരെ ഉയർത്തുവാനും മനസുള്ളവനുമായ അവനിൽ മനുഷ്യരാശി വൈകാതെ തങ്ങളുടെ കർത്താവിനെ തിരിച്ചറിയും (ഫിലി. 2:9,11). അവനിലൂടെ മാത്രമേ ലോകത്തെ ദൈവത്തോടു നിരപ്പിക്കുവാനാകൂ. അവന്റെ മഹാവേല പാപപരിഹാരമാണ്. യേശു, പരീക്ഷിക്കപ്പെട്ട് വിശ്വസ്തരെന്നു തെളിഞ്ഞ മണവാട്ടിയോടു കൂടെ സഹസ്രാബ്ദ മദ്ധ്യസ്ഥ വാഴ്ചയും, പൗരോഹിത്യവേലയും നിർവഹിക്കും.

പുതിയ ഉടമ്പടിയുടെ വ്യവസ്ഥകൾ എന്തെല്ലാമാണ്? അതിന്റെ നിഴലിലെന്നപോലെ, ന്യായപ്രമാണത്തെപ്പോലെ, അവയെ ചെയ്തു (പ്രമാണിച്ചു) ജീവിക്കുക എന്നതാണ് (ലേവ്യ. 18:5; റോമ. 10:5). പാപത്തെ അംഗീകരിക്കുന്ന ഒരു ഉടമ്പടിയുടെയും കക്ഷി ആയിരിക്കുവാൻ ദൈവത്തിനു കഴിയുകയില്ല. പൂർണ്ണമായ നീതീകരണം ("സൽഗുണപൂർണ്ണരാകുവിൻ" മത്താ. 5:48) ദൈവം തന്റെ മക്കളുമായി ഇടപെടുന്നതിനുള്ള വ്യവസ്ഥയായി എന്നേക്കും നിലനിൽക്കുന്നു. ഇക്കാലത്തെ ക്രിസ്ത്യാനികൾ വ്യക്തിപരമായി പൂർണ്ണതയുള്ളവർ അല്ലായെങ്കിലും ക്രിസ്തുവിന്റെ മറുവിലായാഗത്തിന്റെ പുണ്യത്തിലുള്ള വിശ്വാസത്താൽ അതവർക്ക് കണക്കിടപ്പെട്ടിട്ടുണ്ട്. ക്രിസ്തുവിൽ അവർ മറഞ്ഞിരിക്കുന്നു, അവന്റെ നീതീകരണ വസ്ത്രത്താൽ അവരെ മറച്ചിരിക്കുന്നു. അവന്റെ നീതീകരണം അവരിൽ കണക്കിട്ടിരിക്കുന്നു. എന്നാൽ വരും കാലത്ത്, മുഴുലോകത്തിനും വേണ്ടി യേശുവിന്റെ പുണ്യം നൽകിയതിനു ശേഷം (1 യോഹ. 2:2) അവന്റെ കണക്കിടപ്പെട്ടു കിട്ടിയ നീതീകരണം ഉപയോഗപ്പെടുകയില്ല, "ഓരോരുത്തൻ താന്താന്റെ അകൃത്യം നിമിത്തം മരിക്കും" (ആദാമ്യപാപത്തിൻ ഫലമായിട്ടല്ല), കൂടാതെ സ്വന്ത നീതിയാൽ ജീവിക്കുകയും ചെയ്യും (പൂർണ്ണ അനുസരണം യെഹ. 18). ക്രിസ്തുവിലുള്ള വിശ്വാസം വേണ്ടിവരുമെങ്കിലും അവൻ "സ്വന്ത പ്രവർത്തികളാൽ" ന്യായംവിധിക്കപ്പെടും (വെളി. 20:21).

അങ്ങനെയെങ്കിൽ ന്യായപ്രമാണത്തിൻ കീഴിലുണ്ടായിരുന്ന യഹൂദയുഗത്തിലെ വ്യവസ്ഥകളും പുതിയ നിയമത്തിൻ കീഴിലുള്ള പുതിയ യുഗത്തിലെ വ്യവസ്ഥകളും എങ്ങനെ വ്യത്യസ്തമായിരിക്കും? എന്നു ചോദിച്ചേക്കാം. ജീവന്റെ വ്യവസ്ഥ, ദൈവത്തിന്റെ പൂർണ്ണ നിയമത്തോടുള്ള അനുസരണയാണെങ്കിൽ, ന്യായപ്രമാണത്തെപ്പോലെ ഇതും എല്ലാവരെയും മരണശിക്ഷയിൻ കീഴിൽ ആക്കുകയാണല്ലോ? ഇല്ല എന്നു ഞങ്ങൾ ഉത്തരം പറയുന്നു. അന്നുണ്ടായിരുന്ന പ്രയാസം ന്യായപ്രമാണത്തെ സംബന്ധിച്ച് ഉള്ളതായിരുന്നില്ല, മനുഷ്യനെ സംബന്ധിച്ചുള്ളതായിരുന്നു. "ജീവനായി ലഭിച്ചിരിക്കുന്ന" ന്യായപ്രമാണത്തെ, അപൂർണ്ണതയിലുള്ള, വീഴ്ച ഭവിച്ച മനുഷ്യനു പാലിക്കുവാൻ കഴിയുമായിരുന്നില്ല (റോമ. 7:10).

എന്നാൽ ദൈവത്തിന്റെ ഭാഗത്തുനിന്നും പുതിയ നിയമത്തിനുള്ള വ്യവസ്ഥകൾ എന്തെന്നാൽ, പൂർണ്ണമായ ഈ നിയമം പാലിക്കുവാനും, ഹൃദയത്തിൽ അതിനെ എന്നും സൂക്ഷിക്കുവാനും പറ്റിയ അവസ്ഥയിലേക്കു മനുഷ്യനെ കൊണ്ടുവരും എന്നതാണ്. എഴുതിയിരിക്കുന്നതുപോലെ, "ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാ ഗൃഹത്തോടും പുതിയൊരു നിയമം ചെയ്യുന്ന കാലം വരും... എന്നാൽ ഈ കാലം കഴിഞ്ഞ ശേഷം ഞാൻ യിസ്രായേൽ ഗൃഹത്തോടു ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു: ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും... ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കുകയും ഇല്ല". "അപ്പന്മാർ പച്ചമുന്തിരിങ്ങാ തിന്നു മക്കളുടെ പല്ലു പുളിച്ചു എന്ന് അവർ അന്നാളിൽ ഇനി പറയുകയില്ല, ഓരോരുത്തൻ താന്താന്റെ അകൃത്യം നിമിത്തമത്രേ മരിക്കുന്നത്" (യിരെ. 31:31-34,29,30).

"അന്നാളിൽ ഞാൻ അവർക്കുവേണ്ടി കാട്ടിലെ മൃഗങ്ങളോടും ആകാശത്തിലെ പക്ഷികളോടും നിലത്തിലെ ഇഴജാതികളോടും ഒരു നിയമം ചെയ്യും; ഞാൻ വില്ലും വാളും യുദ്ധവും ഭൂമിയിൽ നിന്നും നീക്കി, അവരെ നിർഭയം വസിക്കുമാറാക്കും (ഹോശെ. 2:18; യിരെ. 32:37-41; യെഹെ. 37:26 താരതമ്യം ചെയ്യുക). പുതിയ ഉടമ്പടി ഭാവിയിലേക്കുള്ളതാണെന്നും, മുൻപ് ന്യായപ്രമാണത്തെ പാലിക്കുവാൻ സാധിക്കാത്ത അതിനു കീഴിലുള്ള യിസ്രായേൽ ജനതയുടെ അവസ്ഥയ്ക്ക് അത് വലിയൊരു മാറ്റം

കൊണ്ടുവരുമെന്നു നമ്മൾ വ്യക്തമായി കാണുന്നു. അപ്പന്മാർ (ആദാമും പിൻഗാമകളും) പാപമാകുന്ന പച്ചമുന്തിരിങ്ങ തിന്നതിനാൽ മക്കളുടെ പല്ല് പുളിച്ചതുകൊണ്ടു അവർക്കും ദൈവത്തിന്റെ ന്യായപ്രമാണം പാലിക്കുവാൻ സാധിച്ചില്ല എന്നതായിരുന്നു അന്നത്തെ പ്രശ്നം. എന്നാലും, ദൈവകൃപയാൽ എല്ലാ മനുഷ്യർക്കും വേണ്ടി മരിച്ച യേശുവിന്റെ മറുവിലാ യാഗത്തിന്റെ (എബ്രാ. 2:9) പുണ്യത്താൽ പാപപരിഹാരത്തിന്റെ മഹാദിവസത്തിൽ, "നീതിവസിക്കുന്ന പുതിയ ഭൂമിയിൽ" നിത്യജീവനോടുകൂടി വാഴുവാൻ മനുഷ്യരാശിക്ക് അവസരം നൽകും (2 പത്രൊ. 3:13).

പവിത്രൻ, നിർമ്മലൻ, നിർദോഷൻ, പാപികളോടു വേർപെട്ട മനുഷ്യനായ യേശുക്രിസ്തു, നമുക്കു വേണ്ടി ശാപം ആയിത്തീർന്നു. "പാപം അറിയാത്തവൻ", നമുക്കുവേണ്ടി "പാപം ആയി" [ie, ഒരു പാപയാഗമായി, (Diaglott)] (2 കൊരി. 5:21). ക്രിസ്തുവിനാൽ മനുഷ്യരാശിയുടെ പാപങ്ങൾ സൗജന്യമായി ക്ഷമിച്ചതിനു സുവിശേഷയുഗത്തിൽ "നല്ല യാഗങ്ങളുടെ" പൂർത്തീകരണം സംഭവിച്ച് (എബ്രാ. 9:23; വിശദീകരണത്തിനു BS' 60, p. 75 കാണുക) സഹസ്രാബ്ദ യുഗത്തിന്റെ അന്ത്യത്തിൽ പാപമില്ലായ്മയുടെ അവസ്ഥയിലേക്കു മാനുഷവർഗ്ഗത്തെ യഥാസ്ഥാനപ്പെടുത്തിയതിനു ശേഷമേ ദൈവവും മനുഷ്യനും തമ്മിലുള്ള പുതിയ ഉടമ്പടി പൂർണ്ണമായും സ്ഥാപിക്കപ്പെടുകയുള്ളു. ഈ ചിന്തയോടു വി. പൗലൊസിന്റെ വാക്കുകളും ഒക്കുന്നു (റോമ. 11:27); "ഞാൻ അവരുടെ പാപങ്ങൾ നീക്കുമ്പോൾ ഇതു ഞാൻ അവരോടു ചെയ്യുന്ന [പുതിയ] നിയമം". ദൈവം യിസ്രായേലിനോടു ചെയ്യുന്ന ഈ "നിത്യനിയമത്തിന്റെ" അതായത് ഈ പുതിയ നിയമത്തിന്റെ കീഴിൽ, സകല മനുഷരാശിയും, പുരാതന സോദോമിലെയും ഗോമോറയിലേയും മനുഷ്യവർഗ്ഗവും കൂടെ, യിസ്രായേലിന്റെ "പുത്രിമാരായി" അനുഗ്രഹിക്കപ്പെടും (യെഹെ. 16:46,47,53,55,60,61).

**യേശു പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥൻ**

രണ്ടു കക്ഷികൾ തമ്മിൽ ചെയ്യുന്ന ഏതു ഉടമ്പടികളിലും ഇവരുടെ ഇടയിൽ ഒരു മദ്ധ്യസ്ഥൻ, അവരുടെ വ്യവസ്ഥകളുടെ പാലനത്തെ ഉറപ്പു വരുത്തിക്കൊണ്ട് ഉള്ളതായി നാം കണ്ടു. അതിൻ പ്രകാരം മോശെ ന്യായപ്രമാണത്തിന്റെ മദ്ധ്യസ്ഥനായിരുന്നു, യേശു പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനുമാകുന്നു. നിത്യജീവൻ ലഭിക്കുവാനിരിക്കുന്ന മനുഷ്യരാശി ന്യായപ്രമാണത്തെ പാലിക്കുന്നുണ്ടോ എന്ന് അറിയുവാൻ ദൈവം മനുഷ്യരാശിയുടെ ഭാഗത്തുനിന്നു മദ്ധ്യസ്ഥനെ നോക്കിക്കൊണ്ടിരിക്കുന്നു. ആ ആവശ്യങ്ങളോടു വഴങ്ങുവാനുള്ള കഴിവിനു വേണ്ടി യിസ്രായേലും ലോകവും മദ്ധ്യസ്ഥനിലേക്കും നോക്കും. സുവിശേഷയുഗ സഭ പുതിയ ഉടമ്പടിയിൻ കീഴിലോ, "പഴയ"തോ അല്ലെങ്കിൽ ന്യായപ്രമാണ ഉടമ്പടിയിൻ കീഴിലോ വരികയില്ല. ഇവയേക്കാൾ പഴക്കമുള്ള (ഗലാ. 3:17), അതായത് അബ്രഹാമ്യ ഉടമ്പടിയിലെ, സന്തതിയുടെ ഭാഗമായാണ് അവർ വരുന്നത് (ഗലാ. 3:29).

ന്യായപ്രമാണ ഉടമ്പടി അതിന്റെ മദ്ധ്യസ്ഥനായ മോശെയാൽ കാളകളുടെയും ആട്ടുകൊറ്റന്മാരുടെയും രക്തത്താൽ ഉറപ്പിക്കപ്പെട്ടതുപോലെ (പുറ. 24:1-8), പുതിയ ഉടമ്പടിയും "നല്ല യാഗങ്ങളുടെ [ബഹുവചനം] രക്തത്താൽ, ശിരസ്സും ശരീരവുമാകുന്ന ക്രിസ്തുവിന്റെ രക്തത്താൽ ഉറപ്പിക്കപ്പെടണം (എബ്രാ. 9:18-23).

മോശെ രക്തം വെള്ളത്തിൽ കലക്കി ചുവന്ന ആട്ടുരോമവും ഈസോപ്പുമായി എടുത്തു പുസ്തകത്തിന്മേലും (ന്യായപ്രമാണത്തിന്റെ നിഴൽ - ദൈവിക നീതി) സകല ജനത്തിന്മേലും തളിച്ചു (എബ്രാ. 9:19). അങ്ങനെ പുതിയ ഉടമ്പടിയും രക്തത്താൽ ഉറപ്പിക്കപ്പെടേണ്ടതുണ്ട്. അതിനായി അതിന്റെ മദ്ധ്യസ്ഥനാകുന്ന, ശിരസ്സും ശരീരവും, സുവിശേഷദിന ബലിയിൽ തന്റെ രക്തം (ജീവൻ) നൽകും. ഈ നല്ല യാഗങ്ങൾക്കു ശേഷം, ശുദ്ധീകരിക്കുന്ന രക്തത്തിന്റെ (ജീവന്റെ) പുണ്യവും, സത്യത്തിന്റെ നിർമ്മലമായ വെള്ളവും പ്രതീകാത്മകമായി ജനത്തിന്മേൽ തളിക്കപ്പെടും. അത് പുസ്തകത്തിന്മേലും (ന്യായപ്രമാണം) ജനത്തിന്മേലും തളിക്കപ്പെടും. അങ്ങനെ ജനത്തെ ദൈവത്തോടുള്ള കൂട്ടായ്മയിലേക്കും അപ്രകാരം അവന്റെ ന്യായപ്രമാണത്തോടുള്ള കൂട്ടായ്മയിലേക്കും കൊണ്ടുവരും. പിതാക്കന്മാരുടെ പാപങ്ങളാൽ അവരുടെ പല്ല് ഇനി ഒരിക്കലും പുളിക്കുകയില്ല (യിരെ. 31:29,30); അവർ നന്മ ചെയ്യുന്നിടത്തോളം അവരിൽ തിന്മ കണ്ടെത്തുകയില്ല. എന്തുകൊണ്ടെന്നാൽ അവർ അന്നു "യഹോവയെ അറിയും: അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും", ഭൂമിയെല്ലാം യഹോവയുടെ തേജസ്സു കൊണ്ടു നിറഞ്ഞിരിക്കും" (യിരെ. 31:34, സംഖ്യ. 14:21; യെശ. 11:9).

ബലികൾ പൂർത്തിയായതിനു ശേഷം ആരാണ്

തളിക്കൽ നടത്തുക? നിഴലിൽ മോശെ ആയിരുന്നു അത് ചെയ്തിരുന്നത്, മഹാപ്രവാചകനും മദ്ധ്യസ്ഥനും ആയവനായിരിക്കും പൊരുളിൽ അതു ചെയ്യുന്നത് – "ദൈവമായ കർത്താവ് നിങ്ങളുടെ സഹോദരന്മാരിൽ നിന്നു എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങൾക്കു എഴുന്നേൽപ്പിച്ചു തരും; അവൻ നിങ്ങളോടു സംസാരിക്കുന്ന സകലത്തിലും നിങ്ങൾ അവന്റെ വാക്കു കേൾക്കണം. ആ പ്രവാചകന്റെ വാക്കു കേൾക്കാത്ത ഏവനും ജനത്തിന്റെ ഇടയിൽ നിന്നു ഛേദിക്കപ്പെടും." (അപ്പൊ. 3:22,23). ഈ പ്രവചനം "സകലത്തിന്റെയും യഥാസ്ഥാപന കാലത്തിൽ" നടക്കുവാനുള്ളതാണ്. അതിനെ വി. പത്രൊസ് എടുത്തു പറയുന്നു (അപ്പൊ. 3:21).

ആ പ്രവാചകൻ അഥവാ ഗുരു, ശിരസ്സും ശരീരവുമായ "ക്രിസ്തു" സുവിശേഷയുഗത്തിൽ "ഉയർത്തപ്പെട്ടു"; അധികം താമസിക്കാതെ, സഹസ്രാബ്ദയുഗത്തിൽ, മനുഷ്യരാശിയിൽ തളിക്കുന്നതും അവരെ ശുദ്ധീകരിക്കുന്നതുമായ വേല ആരംഭിക്കും. അന്നു അനുസരിക്കാത്തതും, ശുദ്ധീകരിക്കപ്പെടാത്തതുമായ ആത്മാവ് [മനുഷ്യൻ] നശിപ്പിക്കപ്പെടും. ആ യുഗത്തിൽ നൂറു വയസ്സു പ്രായമുള്ള പാപിയും, അവൻ ആ വയസ്സിലും "ബാലനായി" തന്നെ നിലനിൽക്കുന്നതിനാൽ ഛേദിക്കപ്പെടും (യെശ. 65:20).

### അബ്രഹാമിന്റെ മൂന്നു ഭാര്യമാർ

നിഴലിൽ അഥവാ ദൃഷ്ടാന്തത്തിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നതിനാൽ ഈ ഉടമ്പടികളെ നമുക്കു ചുരുക്കത്തിൽ പരിശോധിക്കാം (ഗലാ. 4:22-31). അബ്രഹാമിന്റെ ഭാര്യയായ സാറായിലൂടെ "സന്തതി"യെ നൽകുമെന്നു പരാമർശിച്ചുകൊണ്ട് ഇത് അബ്രഹാമിനോടു ചെയ്യുന്ന ഉടമ്പടിയുടെ നിഴലായിരുന്നുവെന്നു അപ്പൊ. പൗലൊസ് വിശദീകരിക്കുന്നു. വർഷങ്ങൾ കടന്നുപോയെങ്കിലും, മക്കൾ ജനിക്കാത്തതിനാൽ ആ വാഗ്ദത്തത്തിന്റെ പൂർത്തീകരണത്തിനുവേണ്ടി അവർ മറ്റൊരു വഴി നോക്കി. അങ്ങനെ ഹാഗാർ, ഭാര്യയുടെ സ്ഥാനം ഏൽക്കുകയും, അവരുടെ അവകാശിയായി ഒരു മകൻ ജനിക്കുകയും ചെയ്തു. അപ്രകാരം ദൈവത്തിന്റെ അബ്രഹാമിനോടുള്ള യഥാർത്ഥ ഉടമ്പടി ക്രിസ്തുവിനെപ്പറ്റിയുള്ളതെങ്കിലും "തക്കകാലത്ത്" മാത്രമെ അവൻ ജനിക്കുകയുള്ളു എന്നതിനാലും യഥാർത്ഥ ഉടമ്പടിയുടെ സ്ഥാനം ഏറ്റുകൊണ്ട് സീനായി മലയിൽ "ന്യായപ്രമാണം" നൽകപ്പെട്ടു. അങ്ങനെ ന്യായപ്രമാണത്തിൻ കീഴിൽ ജഡിക സന്തതിയായ – ജഡിക യിസ്രായേൽ - രൂപം കൊണ്ടു. എന്നാൽ അബ്രഹാമ്യ ഉടമ്പടി പരാജയപ്പെട്ടിട്ടുണ്ടായിരുന്നില്ല. ഹാഗാറിന്റെ ഉടമ്പടിയാൽ ജഡിക യിസ്രായേൽ (യിശ്മയേൽ ചിത്രീകരിക്കുന്നു) ഉളവായതിനു ശേഷം യഥാർത്ഥ അബ്രഹാമ്യ സന്തതി, "ഉടമ്പടിയിൻ പ്രകാരമുള്ള അവകാശികൾ" ആയ, ആത്മീയ യിസ്രായേൽ ആയ, ക്രിസ്തുവായ യേശുവും, അവന്റെ ശരീരത്തിലെ അംഗങ്ങളും (ഗലാ. 3:29) യഥാർത്ഥ ഉടമ്പടിയുടെ സാറായിൻ സവിശേഷതകളാൽ ഉളവായി.

ഇത് വി. പൗലൊസ് പറയുന്ന നിഴലിലും പൊരുളിലും അടങ്ങിയിരിക്കുന്നു. അവൻ രണ്ടു സന്തതികളെപ്പറ്റി, സ്വാഭാവികവും ആത്മീകവും ആയതിനെയും അവർ അടങ്ങിയിരിക്കുന്ന ഇരു ഉടമ്പടികളെയും കുറിച്ചാണ് പറയുന്നത്. എന്നാൽ "ആ കാലത്തിനു ശേഷം" ദൈവം ഒരു "പുതിയ നിയമം" ചെയ്യും എന്നു പറയുമ്പോൾ സ്വാഭാവികമായും നമ്മൾ ചോദിക്കുന്നു: എന്തുകൊണ്ടാണ് പുതിയ ഉടമ്പടിയും അബ്രഹാമിന്റെ ഒരു ഭാര്യയാൽ ചിത്രീകരിക്കപ്പെടാത്തത്? എന്നാൽ പരിശോധനയ്ക്കു ശേഷം അതും നിഴലിക്കപ്പെട്ടിരിക്കുന്നു എന്നു നാം കാണുന്നു. ഉല്പ. 24:67 നോക്കുമ്പോൾ, യിസ്ഹാക്ക് റിബേക്കയെ സാറായിൻ കൂടാരത്തിൽ കൊണ്ടുപോയി, അവൾ അവനു ഭാര്യയായിത്തീർന്നു എന്നു നമ്മൾ വായിക്കുന്നു. ഇത് എങ്ങനെയാണ്. മണവാട്ടിയുടെ ഭൗമിക യാത്രയുടെ അന്ത്യത്തിൽ, അതായത് അവളുടെ സുവിശേഷയുഗ യാത്രയുടെ അവസാനത്തിൽ സ്വർഗ്ഗീയ മണവാളനു അവളെ ലഭിക്കുന്നത് എന്നും, ആദ്യത്തെ (സാറായിൽ) ഉടമ്പടിയിൽ വാഗ്ദത്തം ചെയ്ത (ആനന്ദകരമായ) സകലകാര്യത്തിലും അവനോടുകൂടെ പങ്കാളിയാകുന്നു എന്നും കാണുന്നു. അടുത്ത വാക്യത്തിൽ "അബ്രഹാം വേറൊരു ഭാര്യയെ പരിഗ്രഹിച്ചു; അവൾക്കു കെതൂറാ എന്നു പേർ". അവൾ നിഴലിലെ പുതിയ ഉടമ്പടിയെ ചിത്രീകരിക്കുന്നു.

### കെതൂറയുടെ ആറ് പുത്രന്മാർ

ആദ്യത്തെ രണ്ട് ഉടമ്പടികൾക്കും ഓരോ സന്തതികൾ ആണ് ഉണ്ടാകുന്നത്. ഒന്നാമത്തേതിൽ, "സകലത്തിന്റെയും അവകാശിയായ" ആത്മീയ യിസ്രായേൽ (യിസഹാക്ക്; എബ്രാ. 1:2; റോമ. 8:17); രണ്ടാമത്തേതിൽ "പിതാക്കന്മാർ നിമിത്തം പ്രിയന്മാരായ" ജഡിക യിസ്രായേൽ (യിശ്മയേൽ; റോമ.

11:28). എന്നാൽ പുതിയ ഉടമ്പടിക്ക് (കെതൂറയ്ക്ക്) ആറ് പുത്രന്മാർ ഉണ്ട് (ഉല്പ. 25:2). സഹസ്രാബ്ദ യുഗത്തിൽ, പുതിയ ഉടമ്പടി ഈ ആറ് ഗണങ്ങൾക്കു നിത്യജീവൻ കൊണ്ടുവരും. അവരെ ഇനി പറയുന്ന രീതിയിൽ ഉചിതമായി പ്രതിനിധീകരിക്കാം: (1) സിമ്രാൻ: പുതിയ ഉടമ്പടിയുടെ (പുറ. 24:1,9) നിർമ്മാണത്തിന്റെയും മുദ്രയിടലിന്റെയും സമയത്ത് രാജ്യത്തിന്റെ ഭൗമീകവശത്തിൽ ഏറ്റവും പ്രധാനമായ സ്ഥാനങ്ങളിൽ ഇരിക്കുന്നവരായ ഏറ്റവും പ്രമുഖരായ പുരാതന വീരന്മാരും യുവവീരന്മാരുമായ 70 പേർ (യോവേ. 2:28 ലെ വൃദ്ധന്മാരും യൗവ്വനക്കാരും); (2) യൊക്ശാൻ: പൊതുവായ വീരന്മാർ; (3) മെദാൻ: മറ്റു നാലു തിരഞ്ഞെടുപ്പു ഗണങ്ങളുടെയും അംഗത്വം പൂർത്തീകരിക്കപ്പെട്ടതിനു ശേഷം ദൈവത്തിനായി സമർപ്പണം ചെയ്ത്, സുവിശേഷയുഗത്തിന്റെ അന്ത്യത്തിലെ എപ്പിഫനി കാലത്തിൽ തങ്ങളുടെ സമർപ്പണത്തോടു വിശ്വസ്തത പുലർത്തിയ എപ്പിഫനി പാളയ സമർപ്പിതർ; യിസ്രായേലിനു വേണ്ടി മരുഭൂമിയിൽ ഉയർത്തിയ സമാഗമന കൂടാരത്തിന്റെ പ്രകാരത്തിൽ ശുശ്രൂഷ ചെയ്യുന്നവരായി അബ്രഹാമ്യസന്തതിയാകുന്ന നാല് തിരഞ്ഞെടുപ്പു ഗണങ്ങൾ ചിത്രീകരിക്കപ്പെടുമ്പോൾ, ഈ ഗണം പാളയത്തിൽ കാണപ്പെടുന്നു, അതുകൊണ്ടാണ് ഇവർക്ക് "പാളയക്കാർ" എന്നു നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്. (4) മിദ്യാൻ: സമർപ്പണം ചെയ്തില്ലയെങ്കിലും വിശ്വാസത്തിലൂടെയും അഭ്യസനത്തിലൂടെയും, അബ്രഹാമ്യ മോശൈക ഉടമ്പടികളോടു പൊരുത്തപ്പെട്ട യഹൂദായുഗത്തിലേയും സുവിശേഷയുഗത്തിലെയും ജഡിക യിസ്രായേൽ (5) യിശ്ബാഹ്: സുവിശേഷയുഗത്തിലും നമ്മുടെ കാലത്തിലും ഉള്ളവരായ, സമർപ്പണമോ, തങ്ങളുടെ ജീവിതം ദൈവത്തിനായി പ്രതിഷ്ഠയോ ചെയ്യാതെ തങ്ങളുടെ പാപങ്ങളെ ഏറ്റുപറയുകയും, യേശുവിനെ രക്ഷകനായി സ്വീകരിക്കുകയും ചെയ്ത, മറുവിലയോടും നീതിയോടും വിശ്വസ്തരായി നിലകൊണ്ട ജാതികളായ ചിലർ (കുറച്ച് യഹൂദരും); (6) ശൂവഹ് (താഴ്ന്ന പ്രദേശം, ഇടിവ്): ഉടമ്പടിയിലെ വാഗ്ദത്തങ്ങളെ മറന്നു കളഞ്ഞ ജഡിക യിസ്രായേലും അവിശ്വാസികളായ ജാതികളും അടങ്ങുന്ന ലോകത്തിൽ അവിശ്വാസികളായ മനുഷ്യവർഗ്ഗമാകുന്ന തിരഞ്ഞെടുക്കപ്പെടാത്തവർ. ഈ അവിശ്വാസികളെ "പുത്രിമാരെന്നും" വിശ്വാസികളെ "പുത്രന്മാർ" – ശക്തരായവർ എന്നും ചിത്രീകരിച്ചിരിക്കുന്നു (യോവേ. 2:28; യെശ. 60:4).

സുവിശേഷയുഗത്തിലെ ആത്മോല്പാദിതരായ തിരഞ്ഞെടുക്കപ്പെട്ട രണ്ടു ഗണങ്ങളും (ചെറിയ ആട്ടിൻ കൂട്ടവും മഹാപുരുഷാരവും – ലൂക്കൊ. 12:32; വെളി. 7) "മരണത്തിൽ നിന്നും ജീവനിലേക്കു" (യോഹ. 5:24; 1 യോഹ. 3:14) ആദ്യം കടന്ന്, കർത്താവിനോടു കൂടെ ആത്മീയ തലത്തിൽ അവകാശം പ്രാപിച്ചതിനു ശേഷം, പുതിയ ഉടമ്പടിയിൻ കീഴിൽ നിത്യജീവൻ കൈവരിക്കുന്ന ആറ് ഗണങ്ങളെ ഈ ആറ് പുത്രന്മാർ ചിത്രീകരിക്കുന്നു (യോഹ. 14:3; മത്താ. 5:12). കെതൂറയുടെ മറ്റു പിൻതുടർച്ചക്കാർ (ഉല്പ. 25:3,4) ഈ ആറ് ഗണങ്ങളുടെയും വിവിധ വേർതിരിവുകളെ കാണിക്കുന്നു.

മൂന്നു മഹാഉടമ്പടികളെയും ചിത്രീകരിക്കുന്ന അബ്രഹാമിന്റെ മൂന്നു ഭാര്യമാരും എത്ര പ്രാധാന്യം ഉള്ളവരാണ്: സാറാ (രാജകുമാരി), അബ്രഹാമിനോടുള്ള ആണയാൽ ഉറപ്പിക്കപ്പെട്ട ഉടമ്പടിയുടെ ക്രിസ്തുഗണം, അഭിവൃദ്ധിപ്പെടുന്ന അതിന്റെയും സവിശേഷത; ഹാഗാർ (പാലായനം), ജീവനു വേണ്ടി നിയമിച്ചതും, എന്നാൽ മരണത്തോളം വരെയെന്നു കണ്ടെത്തിയതും (റോമ. 7:10) സുവിശേഷയുഗത്തിൽ നീക്കപ്പെട്ടതുമായ (ഗലാ. 4:30) ന്യായപ്രമാണത്തെയും; കെതൂറാ (ധൂപവർഗ്ഗം) സഹസ്രാബ്ദ യുഗത്തിൽ ഭൂമിയിലെ സകല ജാതികൾക്കും യഥാസ്ഥാപന അനുഗ്രഹങ്ങൾ നൽകുന്ന പുതിയ നിയമത്തെയും കാണിക്കുന്നു! രാജകീയ ഉടമ്പടിയായ സാറാ ഉടമ്പടി മറ്റുള്ളവയുടെ മുന്നിൽ എങ്ങനെയാണ് ഉന്നതമായിരിക്കുന്നത്! വരുവാനിരിക്കുന്ന സഹസ്രാബ്ദയുഗത്തിൽ ലോകത്തിന്മേൽ തളിക്കുകയും അവരെ ശുദ്ധീകരിക്കുകയും ചെയ്യുന്ന വേലയിൻ ശിരസ്സാകുന്ന യേശുവിനോടു കൂടെ പങ്കാളികളാവുകയും അവനോടു കൂടെ ജീവിക്കുകയും ചെയ്യേണ്ടതിനു (2 തിമൊ. 2:11) അവനോടു കൂടെ മരിക്കേണ്ടതാണെന്നുള്ളത് നാം മറക്കരുത്. ദുഃഖവും നെടുവീർപ്പും അപ്രത്യക്ഷമാകുമ്പോൾ, സന്തോഷവും ആനന്ദവും കൈവരുവാൻ മനുഷ്യരാശിയെ വിശുദ്ധിയിൻ പെരുവഴിയിൽ സഹായിക്കുന്നതിൽ "വരുവാനുള്ള ലോകത്തിൽ" (എബ്രാ. 2:5) പങ്കാളികളാകേണ്ടതിനു അവനെ ശുശ്രൂഷിക്കുന്നതിൽ നമുക്കു വിശ്വസ്തരായിരിക്കാം (യെശ. 35).

മനുഷ്യന്റെ വീഴ്ച
ഉല്പ. 3:2–24

# ബൈബിൾ സംഭാഷണങ്ങൾ

**കഥകൾ ലളിത ഭാഷയിൽ**

ഹാബേലിന്റെ കൊലപാതകം
ഉല്പ. 4:1–22,25

**ഒരിക്കലും പഴകിപ്പോകാത്ത ഒരു പുസ്തകത്തിൽ നിന്നുമുള്ള കഥകൾ**

കർത്താവായ ദൈവം സൃഷ്ടിച്ചതിൽ ഏതു ജന്തുക്കളിലും വച്ച് പാമ്പ് വളരെ കൗശലക്കാരനായിരുന്നു. അവൻ സ്ത്രീയോടു പറഞ്ഞു, ഈ തോട്ടത്തിലെ യാതൊരു വൃക്ഷത്തിൽ നിന്നും ഭക്ഷിക്കരുത് എന്നു ദൈവം നിങ്ങളോടു പറഞ്ഞിട്ടുണ്ടോ?

സ്ത്രീ പാമ്പിനോടു പറഞ്ഞു, ഈ തോട്ടത്തിലെ വൃക്ഷത്തിൽ ഫലങ്ങൾ ഞങ്ങൾക്കു തിന്നാം: എന്നാൽ തോട്ടത്തിൻ നടുവിലെ വൃക്ഷത്തിൻ ഫലത്തെക്കുറിച്ച് ദൈവം പറഞ്ഞിരിക്കുന്നത്, അത് തിന്നരുത്, തൊടുക പോലും അരുത് എന്നാണ്. അങ്ങനെ ചെയ്യുന്ന പക്ഷം മരിക്കുമെന്നും പറഞ്ഞിട്ടുണ്ട്.

പാമ്പ് സ്ത്രീയോട്: നിങ്ങൾ മരിക്കയില്ല നിശ്ചയം. നിങ്ങൾ അത് തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണുകൾ തുറക്കുകയും, നന്മയും തിന്മയും അറിഞ്ഞു ദൈവത്തെപ്പോലെ ആയിത്തീരുമെന്നും ദൈവത്തിനു അറിയാം.

ആ വൃക്ഷം ഭക്ഷണത്തിനു നല്ലതെന്നും, കാണാൻ കാമ്യമെന്നും, ഒരുവനെ ജ്ഞാനിയാക്കുവാൻ അത് അഭികാമ്യമെന്നും അറിഞ്ഞ് അവൾ പഴം പറിച്ചു തിന്നു, അവളുടെ കൂടെയുള്ള ഭർത്താവിനും ഒരു ഫലം കൊടുത്തു; അവനും തിന്നു. അവർ ഇരുവരുടെയും കണ്ണുകൾ തുറന്നു. അവർ നഗ്നരെന്നു തിരിച്ചറിഞ്ഞു; അത്തിയില കൂട്ടിത്തുന്നി അവർക്കായി അരയാടയുണ്ടാക്കി.

വെയിലാറിയപ്പോൾ കർത്താവായ ദൈവം തോട്ടത്തിലൂടെ നടക്കുന്ന ശബ്ദം അവർ കേട്ടു: ആദാമും ഹൗവ്വയും കർത്താവായ ദൈവത്തിന്റെ കാഴ്ചയിൽ നിന്നും തങ്ങളെത്തന്നെ മറച്ച് തോട്ടത്തിലെ മരങ്ങൾക്കിടയിൽ ഒളിച്ചിരുന്നു.

കർത്താവായ ദൈവം ആദാമിനെ വിളിച്ച്, നീ എവിടെ? എന്നു ചോദിച്ചു. അതിനു ആദാം ദൈവത്തോടു, ഞാൻ നിന്റെ ശബ്ദം തോട്ടത്തിൽ കേട്ടു, ഞാൻ നഗ്നനായിരിക്കയാൽ ഭയപ്പെട്ടു, ഒളിച്ചിരിക്കുന്നു എന്നു പറഞ്ഞു.

### പാമ്പ് ശപിക്കപ്പെട്ടു

ദൈവം പറഞ്ഞു, ആരാണ് നീ നഗ്നനെന്നു നിന്നോടു പറഞ്ഞത്? ഞാൻ ഭക്ഷിക്കരുത് എന്നു പറഞ്ഞ വൃക്ഷത്തിന്റെ ഫലം നീ തിന്നുവോ?

മനുഷ്യൻ അവനോടു, നീ എന്റെ കൂടെ ഇരിക്കുവാൻ തന്ന സ്ത്രീ എനിക്കു ആ വൃക്ഷത്തിൻ ഫലം തന്നു, ഞാൻ തിന്നു.

കർത്താവായ ദൈവം സ്ത്രീയോടു, നീ ഈ ചെയ്തത് എന്ത്? സ്ത്രീ ഉത്തരം പറഞ്ഞു, പാമ്പ് എന്നെ വഞ്ചിച്ചു ഞാൻ തിന്നു.

യഹോവയായ ദൈവം പാമ്പിനോടു കൽപിച്ചത്, നീ ഇതു ചെയ്തിരിക്കയാൽ സകല കന്നുകാലികളിലും സകല കാട്ടു മൃഗങ്ങളിലും വച്ച് നീ ശപിക്കപ്പെട്ടിരിക്കുന്നു. നീ ഉരസുകൊണ്ടു ഗമിച്ച്, നിന്റെ ജീവിതകാലമൊക്കെയും പൊടി തിന്നും.

ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും സ്ത്രീയുടെ സന്തതിക്കും തമ്മിൽ ശത്രുത ഉണ്ടാക്കും; അത് നിന്റെ തല തകർക്കും, നീ അവന്റെ കുതികാൽ തകർക്കും.

ദൈവം സ്ത്രീയോടു, ഞാൻ നിനക്കു കഷ്ടവും ഗർഭധാരണവും ഏറ്റവും വർദ്ധിപ്പിക്കും; നീ വേദനയോടെ മക്കളെ പ്രസവിക്കും. നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോടു ആയിരിക്കും, അവൻ നിന്നെ ഭരിക്കും.

ആദാമിനോടു അവൻ പറഞ്ഞു, നീ നിന്റെ ഭാര്യയുടെ വാക്കുകേട്ട് അനുസരിക്കുകയും തിന്നരുത് എന്നു ഞാൻ കൽപിച്ച വൃക്ഷത്തിൻ ഫലം തിന്നുകയും ചെയ്തതുകൊണ്ട് നീ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു. നിന്റെ ആയുഷ്കാലം നീ കഷ്ടപ്പെട്ടു അഹോവൃത്തി കഴിക്കും. നിന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് നീ അപ്പം ഭക്ഷിക്കും. മുള്ളും പറക്കാരയും നിനക്ക് അതിൽ നിന്നു മുളയ്ക്കും. വയലിലെ സസ്യം നിനക്ക് ആഹാരമായിത്തീരും. നിലത്തുനിന്നു നിന്നെ എടുത്തിരിക്കുന്നു. അതിലേക്കു തിരികെ ചേരുവോളം മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും. നിന്നെ പൊടിയിൽ നിന്നും എടുത്തു, പൊടിയിലേക്കു തന്നെ തിരികെ ചേരും.

ആദാമിന്റെ ഭാര്യ സകലത്തിന്റെയും മാതാവായതിനാൽ ആദാം അവളെ ഹൗവ്വ എന്നു വിളിച്ചു.

ആദാമിനും അവന്റെ ഭാര്യയ്ക്കും കർത്താവായ ദൈവം തോൽ കൊണ്ട് ഉടുപ്പുണ്ടാക്കി അവർക്കു കൊടുത്തു, അവരെ മറച്ചു.

കർത്താവായ ദൈവം പറഞ്ഞു മനുഷ്യൻ നന്മ തിന്മകളെക്കുറിച്ച് അറിവാൻ തക്കവണ്ണം നമ്മിൽ ഒരുവനെപ്പോലെ ആയിത്തീർന്നിരിക്കുന്നു. അവൻ ജീവവൃക്ഷത്തിൻ ഫലം പറിച്ചു തിന്ന് എന്നേക്കും ജീവിക്കാതിരിക്കേണ്ടതിനു അവനെ എടുത്തിരുന്ന നിലത്തു കൃഷി ചെയ്യേണ്ടതിനു ദൈവം മനുഷ്യനെ ഏദെൻ തോട്ടത്തിൽ നിന്നു പുറത്താക്കി, ഏദെനു കിഴക്കു തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാല യുമായി കെരൂബുകളെ നിർത്തി.

### ഹാബേലിന്റെ കൊലപാതകം

### ഉല്പ. 4:1-22,25

ഹൗവ്വ ആദാമിനു ഒരു മകനെ കൊടുത്തു, കർത്താവ് എനിക്കൊരു പുരുഷപ്രജയെ കൊടുത്തിരിക്കുന്നു എന്നു പറഞ്ഞ് കയീൻ എന്നു പേരിട്ടു. അവൾ വീണ്ടും അവന്റെ സഹോദരനായ ഹാബേലിനു ജന്മം നൽകി. ഹാബേൽ ആടുകളെ മേയിച്ചിരുന്നു. കയീൻ കൃഷിക്കാരൻ ആയിരുന്നു.

കാലക്രമേണ കയീൻ നിലത്തെ ഫലത്തിൽ നിന്നും ദൈവത്തിനു ഒരു വഴിപാടു കൊണ്ടുവന്നു, ഹാബേലും അവന്റെ ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂലിൽ നിന്നും, അതിന്റെ മേദസ് അർപ്പിച്ചു. ദൈവം ഹാബേലിലും അവന്റെ യാഗത്തിലും പ്രസാദിച്ചു, കയീന്റേതിലോ പ്രസാദിച്ചില്ല.

കയീൻ വളരെ കോപിച്ചു, അവന്റെ മുഖം വാടി.

കർത്താവ് അവനോടു പറഞ്ഞു, നീ എന്തിനാണ് കോപിക്കുന്നത്? നിന്റെ മുഖം വാടുന്നത് എന്ത്? നീ നന്മ ചെയ്തു എങ്കിൽ പ്രസാദം ഉണ്ടാകയില്ലയോ? നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം വാതിൽക്കൽ കിടക്കുന്നു. അതിന്റെ ആഗ്രഹം നിങ്കലേക്ക് ആകുന്നു. നീയോ അതിനെ കീഴടക്കേണം എന്നു കൽപ്പിച്ചു.

കയീൻ തന്റെ സഹോദരനായ ഹാബേലിനോടു സംസാരിച്ചു; അവർ വയലിൽ ആയിരുന്നപ്പോൾ കയീൻ തന്റെ സഹോദരനു നേരെ എഴുന്നേറ്റ് അവനെ കൊന്നു.

കർത്താവ് കയീനോടു ചോദിച്ചു, നിന്റെ സഹോദരൻ ഹാബൽ എവിടെ? എനിക്കറിയില്ല, ഞാൻ അവന്റെ കാവൽക്കാരനോ? എന്നു ചോദിച്ചു

കർത്താവ് പറഞ്ഞു: നീ എന്താണ് ചെയ്തത്? നിന്റെ അനുജന്റെ രക്തത്തിന്റെ ശബ്ദം ഭൂമിയിൽ നിന്നു എന്നോടു നിലവിളിക്കുന്നു എന്നു പറഞ്ഞു. നിന്റെ അനുജന്റെ രക്തം നിന്റെ കൈയ്യിൽ നിന്നു ഏറ്റുകൊള്ളുവാൻ വായ തുറന്ന ദേശം വിട്ടു നീ ശാപഗ്രസ്ഥനായി പോകേണം. നീ കൃഷി ചെയ്യുമ്പോൾ നിലം ഇനി മേലാൽ തന്റെ വീര്യം നിനക്കു തരികയില്ല. നീ ഭൂമിയിൽ ഉഴന്നലയുന്നവൻ ആകും.

കയീൻ ദൈവത്തോടു, എന്റെ കുറ്റം പൊറുക്കാൻ കഴിയുന്നതിലും വലിയത്. ഇതാ നീ എന്നെ ആട്ടിക്കളഞ്ഞിരിക്കുന്നു. ഞാൻ തിരുസന്നിധി വിട്ടു ഒളിച്ചു ഭൂമിയിൽ ഉഴന്നലയുന്നവൻ ആകും; ആരെങ്കിലും എന്നെ കണ്ടാൽ, എന്നെ കൊല്ലും എന്നു പറഞ്ഞു. യഹോവ കയീനോടു, അതു കൊണ്ട് ആരെങ്കിലും കയീനെ കൊന്നാൽ അവനു ഏഴിരട്ടി പകരം കിട്ടും എന്നു അരുളിച്ചെയ്തു. കയീനെ കാണുന്നവർ ആരും അവനെ കൊല്ലാതിരിക്കേണ്ടതിനു യഹോവ അവനു ഒരു അടയാളം വെച്ചു.

കയീൻ യഹോവയുടെ സന്നിധിയിൽ നിന്നു പുറപ്പെട്ടു ഏദെനു കിഴക്ക് നോദ് ദേശത്തുപോയി. കയീൻ ഹാനോക്കിനെ ജനിപ്പിച്ചു. കയീൻ ഒരു പട്ടണം പണിതു. ഹാനോക്ക് എന്നു തന്റെ മകന്റെ പേരിട്ടു. ഹാനോക്ക് ഈരാദിനെ ജനിപ്പിച്ചു. ഈരാദ് മെഹൂയയേലിനെ ജനിപ്പിച്ചു. മെഹൂയയേൽ മെഥൂശയേലിനെ ജനിപ്പിച്ചു; മെഥൂശയേൽ ലാമെക്കിനെ ജനിപ്പിച്ചു.

ലാമെക്ക് രണ്ടു ഭാര്യമാരെ എടുത്തു, ഒരാൾക്ക് ആദാ എന്നും മറ്റവൾക്ക് സില്ലാ എന്നും പേർ. ആദാ യാബാലിനെ പ്രസവിച്ചു. അവൻ കൂടാരവാസികൾക്കും പശുപാലകർക്കും പിതാവായിരുന്നു. അവന്റെ സഹോദരന്റെ പേർ യൂബാൽ എന്നായിരുന്നു. അവൻ കിന്നരവും വേണുവും ഉപയോഗിക്കുന്നവർക്കു പിതാവായിത്തീർന്നു. സില്ലാ തബൽകായിനെ പ്രസവിച്ചു. അവൻ ചെമ്പുകൊണ്ടും ഇരുമ്പുകൊണ്ടുമുള്ള ആയുധങ്ങൾ തീർക്കുന്നവനായിരുന്നു.

ഹൗവ്വ വീണ്ടും മകനെ പ്രസവിച്ചു. അവനു ശേത്ത് എന്നു പേർ, കയീൻ കൊന്ന ഹാബേലിനു പകരം എനിക്കു മറ്റൊരു സന്തതിയെ ദൈവം തന്നു എന്നു പറഞ്ഞു.

# ബൈബിൾ ചോദ്യം

**ചോദ്യം** – അബ്രഹാമ്യ ഉടമ്പടിയോ, പുതിയ ഉടമ്പടിയോ; ഏതാണ് ഏറ്റവും വലിയത്?

**ഉത്തരം** – അബ്രഹാമ്യ ഉടമ്പടി സകലവും അടങ്ങുന്ന ഒന്നാണ്. ദൈവം നമ്മുടെ മനുഷ്യരാശിക്കു വേണ്ടി എന്തെല്ലാം ചെയ്തു, എന്തെല്ലാം ഇനി ചെയ്യും, എന്നുള്ളത് ഇതിൽ അടങ്ങിയിട്ടുണ്ട്. ന്യായപ്രമാണം ഇതിന്റെ കൂടെ "കൂട്ടിച്ചേർത്തിരിക്കുന്നതാണ്" (ഗലാ. 3:19). ഒരു സാധാരണ ക്രമീകരണം മാത്രമാണെന്നു വരികിലും സഹസ്രാബ്ദയുഗത്തിൽ മനുഷ്യവർഗ്ഗത്തെ അനുഗ്രഹിക്കുന്നതിനായി കർത്താവിന്റെ സഹായികളാകുവാനുള്ള ഒരു പ്രത്യേക ഗണത്തെ ന്യായപ്രമാണം വളർത്തിയെടുത്തു. ഈ നിയമം ഹാഗാറിനാൽ ചിത്രീകരിക്കപ്പെടുന്നു; അവളുടെ പുത്രനായ യിശ്മയേൽ യിസ്രായേലിനെയും ചിത്രീകരിക്കുന്നു (ഗലാ. 4:21-31). ശിരസ്സും ശരീരവുമായ ക്രിസ്തു സാറായുടെ മകനായ യിസ്ഹാക്കിനാൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. അബ്രഹാമിന്റെ ആദ്യത്തെ ഭാര്യയായ സാറാ അബ്രഹാമ്യ ഉടമ്പടിയിലെ ആദ്യ ആത്മീയ സന്തതിയായ ക്രിസ്തു ഉളവാകുന്ന ഭാഗത്തെ സൂചിപ്പിക്കുന്നു. സാറായിൻ ഉടമ്പടി – കൃപയുടെ ഉടമ്പടി, യിസ്ഹാക്ക് ഗണത്തെ അതായത് ശിരസ്സും ശരീരവുമായ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു.

യിസ്ഹാക്ക് സാധാരണ നിലയിൽ ജഡത്തിൽ നിന്ന് (അബ്രഹാമും സാറായിയും സ്വാഭാവികമായി പ്രായം ചെന്നവളായിരുന്നു) ഉളവായതല്ല, അവനും ക്രിസ്തുവിനെപ്പോലെ ഒരു പ്രത്യേക ജനനമാണ്. യിസ്ഹാക്ക് വിഭാഗം തീർച്ചയായും പുതിയ സൃഷ്ടിയാണ്. യോർദ്ദാനിൽ വെച്ച് തലയായ ക്രിസ്തു ഒരു പുതിയ സൃഷ്ടിയായി. സുവിശേഷയുഗത്തിലെ വീഴ്ചഭവിച്ച മനുഷ്യരാശിയിലെ അംഗങ്ങളിൽ നിന്നാണ് ശരീരം ഉടലെടുത്തത്. തങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയുമുള്ള യാഗമായി അർപ്പിക്കുവാനായിരുന്നു ഇവർക്കുള്ള ദൈവീക ക്ഷണം (റോമ. 12:1). അതിലൂടെ ഇന്നുവരെ വാഗ്ദാനം ചെയ്യപ്പെട്ടിട്ടില്ലാതിരുന്ന ദിവ്യപ്രകൃതി അവരുടെ ശിരസ്സിനൊപ്പം കൈവരിക്കുവാനാകുമായിരുന്നു. ക്രിസ്തുഗണം പൂർത്തീകരിച്ചു കഴിയുമ്പോൾ അവർ ക്രിസ്തുവിനോടു കൂടെ സഹസ്രാബ്ദ സിംഹാസനത്തിൽ കയറുന്നു (മത്താ. 25:31). അങ്ങനെ ഭൂമിയിലെ സകല വംശങ്ങൾക്കും അബ്രഹാമിനു നൽകിയ ദൈവീക വാഗ്ദത്തം എത്തിച്ചേരും. അത് അവരിലേക്ക് "യിസ്ഹാക്ക്" സന്തതിയായ ക്രിസ്തുവിലൂടെ കൂടാതെ താഴ്ന്ന നിലയിൽ മഹാപുരുഷാരത്തിലൂടെ, കൂടാതെ വിശ്വാസികൾക്ക് ചെറിയ ആട്ടിൻ കൂട്ടത്തിനു മുൻപും പിൻപുമായി യഥാക്രമം വികാസം പ്രാപിച്ച പുരാതന വീരന്മാരാലും യുവവീരന്മാരാലും അത് എത്തും.

ഈ ആയുസ്സിൽ അബ്രഹാമിന്റെ അതായത് ദൈവത്തിന്റെ പുത്രന്മാരാകുവാനുള്ള അവസരവും അവകാശവും ആകുന്ന അനുഗ്രഹത്തിലേക്ക് എത്തുവാൻ കഴിയാതിരുന്ന ഭൂമിയിലെ എല്ലാ ജാതികൾക്കും കുടുംബങ്ങൾക്കും വരുവാനിരിക്കുന്ന മശിഹായുഗത്തിൽ അഥവാ സഹസ്രാബ്ദയുഗത്തിൽ ആ അനുഗ്രഹത്തിലേക്ക് എത്തിച്ചേരുവാനാകും. ദൈവത്തെയാണ് അബ്രഹാം ചിത്രീകരിക്കുന്നത്. അവൻ അബ്രഹാമിനോട്, "ഞാൻ നിന്നെ ബഹുജാതികൾക്കു പിതാവാക്കിയിരിക്കുന്നു" (ഉല്പ. 17:5; റോമ. 4:17), "നിന്റെ സന്തതി മുഖാന്തരം ഭൂമിയിലെ സകല ജാതികളും അനുഗ്രഹിക്കപ്പെടും". പുതിയ ഉടമ്പടിക്കു കീഴിൽ അവർ അനുഗ്രഹം പ്രാപിക്കും. അബ്രഹാമ്യ ഉടമ്പടിയുടെ ഭൗമിക സവിശേഷതകൾ യിസ്രായേലിലും മറ്റുള്ളവരിലും നിറവേറ്റപ്പെടും. അതിനനുസരിച്ച്, അബ്രഹാമ്യ ഉടമ്പടി മറ്റെല്ലാ ഉടമ്പടികളെയും ഉൾക്കൊള്ളുന്നു. അബ്രഹാമ്യ ഉടമ്പടിയിൽ സൂചിപ്പിച്ചിരിക്കുന്ന പ്രവൃത്തി നിർവ്വഹിക്കേണ്ട ദൈവത്തിന്റെ ക്രമീകരണത്തിന്റെ വ്യത്യസ്ത സവിശേഷതകൾ മാത്രമാണ് അവ.

ദൈവത്തെ ചിത്രീകരിക്കുന്ന അബ്രഹാം സാറായുടെ മരണശേഷം കെതൂറാ എന്നു പേരുള്ള മറ്റൊരു ഭാര്യയെ എടുത്തു. അവൾ പുതിയ നിയമത്തെ ചിത്രീകരിക്കുന്നു. അവളിലൂടെ അവനു അനേകം മക്കൾ ഉണ്ടായിരുന്നു (ഉല്പ. 25:1-3). പുതിയ ഉടമ്പടിയിൻ കീഴിൽ നിത്യജീവൻ ലഭിക്കുന്നവരെ അതു കാണിക്കുന്നു. ഇത് പുതിയ ഉടമ്പടിയെയും "ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യത്തെ" (റോമ. 8:20) അതായത് അനേകരെ ജീവനിലേക്കു കൊണ്ടുവരുന്ന മഹത്തായ വേലയേയും നിഴലിക്കുന്നു.

Reg.No. RNI NO. KER MAL / 2008 / 24642 Dt. 17-07-2008
This Magazine is translated from English Bible Standard Published by the Laymen's Home Missionary Movement - Bible Standard Ministries, 1156 St. Matthews Road, Chestersprings, PA 19425 - 2700, U.S.A. Editor, Leon J. Snyder.

## ഞങ്ങളുടെ മലയാളം പ്രസിദ്ധീകരണങ്ങൾ

- യഥാസ്ഥാപനം
- യേശുവിന്റെ രണ്ടാംവരവ്
- ഭൂമിയിൽ വരുവാനുള്ള ദിവ്യാധിപത്യം
- പൂർണ്ണ സുവിശേഷം
- നിങ്ങൾക്കറിയാമോ?
- സമാധാനം അതെങ്ങനെ കൈവരും?
- പുതിയ ഭൂമി
- ന്യായവിധി ദിവസം
- ആപൽക്കരമായ മലിനീകരണം
- ദൈവമോ സാത്താനോ വിജയിക്കുന്നത്?
- യഥാർത്ഥ സ്വാതന്ത്ര്യം
- ദൈവം നിങ്ങളെ സ്നേഹിക്കുന്നു
- പറുദീസയിലെ കള്ളന്മാർ
- യിസ്രായേലിന്റെ തിരിച്ചുവരവ്
- എന്താണ് സത്യം?
- മഹാപിരമിഡ്
- ജീവനും അമർത്യതയും
- ആത്മാവ് എന്നാൽ എന്ത്?
- മരിച്ചവരുടെ പുനരുത്ഥാനം
- നരകം ഒരു ദണ്ഡനസ്ഥലമല്ല
- മരിച്ചവർ എവിടെ?
- ധനവാനും ലാസറും എന്ന ഉപമ

## അറിയിപ്പുകൾ

**BIBLE STANDARD MINISTRIES**

**L.H.M.M**

**KERALA CONVENTION**

**ON SATURDAY**

**12-08-2023**

**At L.H.M.M. Hall, Thottackad**

**All are Invited**

**By**
**Bro. V. Vincent Jeyakumar**
**L.H.M.M.**
**Representative in India**

Please write for Bible Standard and present Truth English and Tamil Magazines and Parozia, Epiphany Volumes and other English Publications to:-

**Bro. V. Vincent Jeyakumar**
**Representative of India**
Laymen's Home Missionary Movement
#4/81, Eluvaraimukki Main Road,
Eluvaraimukki Village,
Near Thoppur, Nazareth - 628 617,
Thoothukudi District, Tamil Nadu
Mob. : 9894926629
E-mail : vincentlhmm@gmail.com

Please write for Bible Standard Magazines and other publications in Malayalam to the following address:-

**Bro. K.O. Varghese**
**Aux. Pilgrim**
Laymen's Home Missionary Movement
Kilirukkunnel, Puthenchantha P.O.,
Vakathanam, Kottayam, Kerala - 686 538
Mob. : 9446969470, 9497534364
E-mail : kovaux.pgm6@gmail.com

Bible Standard (Malayalam) Bi-monthly Magazine, Owned, Printed, Published by K.O. Varghese, Aux. Pilgrim. L.H.M.M. Kilirukkunnel Puthenchantha P.O., Vakathanam, Kottayam, Kerala Pin- 686 538 Mobile. 9446969470, 9497534364 from Puthenchantha P.O., Vakathanam, Kottayam, Kerala -686 538 at Mukkam Graphics, Industrial Nagar P. O., Changanacherry - 686 106, Editor:- K.P. Mathai, Evangelist L.H.M.M., Kanayankal House, Chakampathal (P.O)., Vazhoor, Kottayam Dt. Kerala Pin- 686 517.

Visit us at : **www.biblestandardindia.com**